2024 DECEMBER
05
THURSDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# സ്മാർട്ട്സിറ്റി: ടീകോമിനെ മാറ്റും

**തിരുവനന്തപുരം:** കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയിൽ നിന്നും ടീകോമിനെ ഒഴിവാക്കുന്നു. പദ്ധതിയുടെ ഭാഗമായി പാട്ടത്തിന് നൽകിയ ഭൂമി സർക്കാർ തിരിച്ചെടുക്കും.സ്മാർട്ട്സിറ്റി കൊച്ചി പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായ സമിതി നൽകിയ ശുപാർശ ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗം അംഗീകരിച്ചു. ടീകോമുമായി ചർച്ചകൾ നടത്തി പരസ്പര ധാരണയോടെ  പിന്മാറ്റനയം രൂപകൽപ്പന ചെയ്യും. ടീകോമിനു നൽകേണ്ട നഷ്ടപരിഹാര തുക കണക്കാക്കുന്നതിന് ഇന്റിപെൻഡന്റ് ഇവാല്യുവേറ്ററെ നിയോഗിക്കും. ഇതുസംബന്ധിച്ച ശിപാർശ സർക്കാരിൽ സമർപ്പിക്കുന്നതിന് ഐ.ടി.മിഷൻ ഡയറക്ടർ, ഇൻഫോപാർക്ക് സി.ഇ.ഒ, ഒ.കെ.ഐ.എച്ച് (ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ്) എം.ഡി ഡോ. ബാജു ജോർജ്ജ് എന്നിവരടങ്ങുന്ന കമ്മിറ്റിയെ ചുമതലപ്പെടുത്താനും മന്ത്രി സഭാ യോഗത്തിൽ തീരുമാനമായി.2005 ൽ ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്താണ് പദ്ധതിയ്ക്ക് തുടക്കമിടുന്നത്.സ്ഥലത്തിനു മേൽ സ്വതന്ത്ര അവകാശം വേണമെന്ന ടീകോമിന്റെ ആവശ്യത്തെ തുടർന്ന് പദ്ധതി മുന്നോട്ടു പോയിരുന്നില്ല.2011 ൽ വി.എസ് സർക്കാരിന്റെ കാലത്താണ് ഭേദഗതികളോടെ ധാരണാപത്രം ഉപ്പുവെച്ചത്.13 വർഷം കഴിഞ്ഞിട്ടും പദ്ധതിയിൽ പുരോഗതിയുണ്ടാകുകയോ വാഗ്ദാനം ചെയ്യപ്പെട്ട തൊഴിലവസരങ്ങൾ ലഭ്യമാകുകയോ ചെയ്യാത്ത സാഹചര്യത്തിലാണ് പുതിയ തീരുമാനമെന്നാണ് സൂചന.

## അന്താരാഷ്ട്ര റബ്ബർ സമ്മേളനം ഇന്നു മുതൽ കൊച്ചിയിൽ

**കൊച്ചി:** ഇന്ത്യയിലെ റബ്ബർ മേഖലയുടെ സുസ്ഥിര വികസനം എന്ന ആശയത്തിലത്തിലൂന്നി അന്താരാഷ്ട്ര റബ്ബർ സമ്മേളനം റബ്ബർകോൺ 2024 (RUBBERCON 2024) ഡിസംബർ 5 മുതൽ 7 വരെ ഹോട്ടൽ ലെ മെറിഡിയനിൽ വെച്ച് സംഘടിപ്പിക്കുന്നു. ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇന്റർനാഷണൽ റബ്ബർ കോൺഫറൻസ് ഓർഗനൈസേഷന്റെ (IRCO) സഹകരണത്തോടെ ഇന്ത്യൻ റബ്ബർ ഇൻസ്റ്റിറ്റ്യൂട്ട് (IRI) ആണ് സംഘാടകർ. ഇതാദ്യമായിട്ടാണ് റബ്ബർകോൺ കേരളത്തിൽ വെച്ച് സംഘടിപ്പിക്കുന്നത്. റബ്ബർ വ്യവസായത്തിലെ ”സുസ്ഥിര വികസനം  വെല്ലുവിളികളും അവസരങ്ങളും” എന്ന പ്രമേയത്തിൽ റബ്ബർ മേഖലയിലെ നൂതനത്വത്തെയും സുസ്ഥിരതയെയും കുറിച്ചുള്ള ചർച്ചകൾക്കായി ഒരു അന്താരാഷ്ട്ര വേദിയായിരിക്കും ഈ സമ്മേളനമെന്ന് സംഘാടകർ വാർത്ത സമ്മേളനത്തിൽ പറഞ്ഞു. ഡോ. ടെസ്സി തോമസ് സമ്മേളനം ഉദ്ഘാടനം ചെയ്യും.ഇന്ത്യ, ജർമ്മനി, ഇറ്റലി, ഫ്രാൻസ്, പോളണ്ട്, യുകെ, യുഎസ്എ, കാനഡ, ബെൽജിയം, നെതർലാൻഡ്സ്, ചൈന, ശ്രീലങ്ക, ദക്ഷിണ കൊറിയ തുടങ്ങിയ രാജ്യങ്ങളെ പ്രതിനിധീകരിച്ച് പ്രഗത്ഭരായ 90 പ്രഭാഷകർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. 18 പോസ്റ്റർ അവതരണങ്ങളും ഉണ്ടാകും. റബ്ബർ മേഖലയിലെ ആധുനിക മാറ്റങ്ങളും സാങ്കേതികവിദ്യയിലെ അത്യാധുനിക ഗവേഷണങ്ങളും വികാസങ്ങളും സമ്മളനത്തിൽ പ്രദർശിപ്പിക്കും.

## ’ടൈക്കോൺ കേരള 2024’ന് തുടക്കം



**കൊച്ചി:** സംസ്ഥാനത്തെ ഏറ്റവും വലിയ സംരംഭക സമ്മേളനമായ ’ടൈക്കോൺ കേരള 2024’ ന് കൊച്ചിയിൽ തുടക്കമായി. ചരിത്രകാരനും സഞ്ചാര സാഹിത്യകാരനുമായ വില്യം ഡാൽറിംപിൾ സമ്മേളനം ഉദ്ഘാടനം ചെയ്തു. നൂതനാശയങ്ങളുള്ള സംരംഭകർക്ക് ഏറ്റവും വളക്കൂറുള്ള മണ്ണാണ് കേരളമെന്ന് അദ്ദേഹം പറഞ്ഞു.

ചരിത്രാതീത കാലം മുതൽ വ്യവസായം, സംസ്കാരം, മതം എന്നിവ തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ചൈന, ജപ്പാൻ, യൂറോപ്യൻ രാജ്യങ്ങൾ എന്നിവർക്കെല്ലാം ഇന്ത്യയുമായും കേരളവുമായും ഉണ്ടായിരുന്ന വ്യാപാര ബന്ധം ഇന്നും തുടരുന്നുണ്ട്. മുസിരിസ് അടക്കമുള്ള തുറമുഖങ്ങൾ ആഗോള ബിസിനസ് വളർച്ചയ്ക്ക് വലിയ സംഭാവന നൽകി. ആഗോള വാണിജ്യ മേഖലയിൽ ഇന്ത്യക്കും കേരളത്തിനും നിർണായക സ്വാധീനം ഇപ്പോഴും തുടരുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ടൈ കേരള പ്രസിഡന്റ് ജേക്കബ് ജോയ്, ’ടൈകോൺ കേരള 2024’ ചെയർ വിവേക് കൃഷ്ണ ഗോവിന്ദ്, കെഎസ്ഐഡിസി ചെയർമാനും ടൈ സ്ഥാപക പ്രസിഡന്റുമായ സി ബാലഗോപാൽ, ടൈ രാജസ്ഥാൻ പ്രസിഡന്റ് ഡോ. ഷീനു ജാവർ, ടൈ ഗ്ലോബൽ എക്സിക്യൂട്ടീവ് ഡയറക്ടർ വിജയ് മേനോൻ, ടൈ കേരള അസോസിയേറ്റ് ഡയറക്ടർ ദിവ്യ തലക്കലാട്ട് എന്നിവരും ഉദ്ഘാടന സമ്മേളനത്തിൽ സംസാരിച്ചു.



# ക്രിസ്ത്യൻ ബ്രൈഡൽ ഷോ ഇന്ന്

കൊച്ചി : ക്ലബ് ഓഫ് സലൂണിന്റെ നേതൃത്വത്തിൽ ക്രിസ്ത്യൻ ബ്രൈഡൽ ഷോ ഇന്ന് വൈകിട്ട് 3.30ന് ബോൾഗാട്ടി പാലസിൽ അരങ്ങേറും. ഷോയുടെ ഉദ്ഘാടനം ഉമ തോമസ് എം.എൽ.എ നിർവ്വഹിക്കും. ക്രിസ്ത്യൻ ബ്രൈഡൽ ഷോയിൽ 51 മേക്കപ്പ് ആർട്ടിസ്റ്റുകളും അത്രതന്നെ മോഡലുകളും അണിനിരക്കും. പൂജ ജഗൻ, ഹരിത,നിമി പ്രസാദ്,അജൂബ റഹ്മത്, ജസീന,ഷാഫി, പ്രദീപ് ദീപ്സ്,വിജി ചന്ദ്രൻ,രാജേശ്വരി ഹരിദാസ്,മിനി മുരുഗൻ ,രാജേഷ് നെൻമ്മാറാ തുടങ്ങി മുൻനിര മേക്കപ്പ് ആർട്ടിസ്റ്റുകളും ഷോയിൽ പങ്കെടുക്കുമെന്ന് സംഘാടക സമിതി ചെയർമാൻ അനിൽ ജോബ് പറഞ്ഞു.

# റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ലോഡ്സ് ചാർട്ടർ ഡേ സെലിബ്രേഷൻ




**കൊച്ചി:** റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ലോഡ്സ് ചാർട്ടർ ഡേ സെലിബ്രേഷൻ സംഘടിപ്പിച്ചു. ാർട്ടർ പ്രസിഡൻറ് കെ വി തോമസ് കേക്കു മുറിച്ച് ആഘോഷം ഉദ്ഘാടനം ചെയ്തു. റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ലോഡ്സ് പ്രസിഡന്റ് റൊട്ടേറിയൻ കെ വി കൃഷ്ണകുമാർ, ജി എസ് ആർ ലീലാമ്മ തോമസ്, ജിജിആർ ഉണ്ണി കെ എം ,ക്ലബ് സെക്രട്ടറി നാൻസി ജോൺസൺ , ട്രഷറർ വിഷ്ണുദാസ് മുൻ പ്രസിഡന്റുമാരായ റൊട്ടേറിയൻ അനിൽ ചാക്കോ , വിപിൻ പി വർഗീസ് , മനോഹരൻ നായർ തുടങ്ങിയവർ പങ്കെടുത്തു.

# മാരാരി ബീച്ച് ഫെസ്റ്റ് 2024 ലോഗോ പ്രകാശനം ചെയ്തു

**ചേർത്തല:** വിനോദസഞ്ചാര കേന്ദ്രമായ മാരാരിക്കുളം ബീച്ച് കേന്ദ്രീകരിച്ച് മാരിരി ബീച്ച് ഫെസ്റ്റിനായി ഒരുക്കങ്ങൾ തുടങ്ങി. 2025നെ വരവേൽക്കാൻ 22 മുതൽ 31 വരെയാണ് ഉത്സവാഘോഷങ്ങളൊരുക്കുന്നത്. 22ന് വിളംബര ഘോഷയാത്രയോടെ തുടങ്ങി 31ന് പുതുവത്സര പിറവിയാഘോഷം വരെയാണ് മേള.

മാരാരിക്കുളം വടക്ക് പഞ്ചായത്ത് ഡിടിപിസിയുമായി സഹകരിച്ചാണ് ഫെസ്റ്റ് ഒരുക്കുന്നതെന്ന് പ്രോഗ്രാം കമ്മിറ്റി കൺവീനർ എസ്. രാധാകൃഷ്ണൻ, പഞ്ചായത്ത് പ്രസിഡൻറ് കെ. സുദർശനാഭായ്, വൈസ് പ്രസിഡൻറ് സി.സി. ഷിബു, സെക്രട്ടറി എസ്. ബിജി, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എൻ. പ്രീത, സാജു വാച്ചാക്കൽ, വി.കെ. കലേഷ്, വി.ഇ.ഒ അഹലുദേവ് എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

സംസ്ഥാനതല വോളിബോൾ, ക്രിക്കറ്റ്, വടംവലി മത്സരങ്ങൾ, ഭക്ഷ്യമേള, കൈകൊട്ടിക്കളി മത്സരം, ചെണ്ടമേള മത്സരം തുടങ്ങിയവയൊരുക്കുന്നുണ്ട്. ഏഴുമുതൽ 10 വരെ പിന്നണിഗായകരെയും മികച്ച സംഘങ്ങളെയും അണിനിരത്തിയുള്ള ഗാനമേള, നാടകം, വയലിൻ ഫ്യൂഷൻ, നാടൻപാട്ട് തുടങ്ങിയവ ഉണ്ടായിരിക്കും. മേളയുടെ ലോഗോ പ്രകാശനം ചേർത്തല പ്രസ്ക് ലബ് ഹാളിൽ ദലീമജോജോ എംഎൽഎ നിർവഹിച്ചു.

# പമ്പ കെഎസ്ആർടിസി നടത്തിയത് 8657 ദീർഘദൂര ട്രിപ്പുകൾ

**ശബരിമല:** ശബരിമല മണ്ഡലമകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ഇതേവരെ കെഎസ്ആർടിസി 8657 ദീർഘദൂര ട്രിപ്പുകൾ നടത്തി. പമ്പ നിലയ്ക്കൽ റൂട്ടിൽ 43,241 ട്രിപ്പാണ് നടത്തിയതെന്ന് പമ്പ സ്പെഷൽ ഓഫീസർ കെ.പി. രാധാകൃഷ്ണൻ പറഞ്ഞു. ശരാശരി പ്രതിദിന വരുമാനം 46 ലക്ഷം രൂപയാണ്.

180 ബസുകൾ പമ്പ യൂണിറ്റിൽ മാത്രം സർവീസ് നടത്തുന്നു. പ്രതിദിനം ശരാശരി 90,000 യാത്രക്കാരാണ് കെഎസ്ആർടിസിയെ ആശ്രയിക്കുന്നത്. തെങ്കാശി, തിരുനൽവേലി എന്നിവിടങ്ങളിലേക്ക് സർവീസുകൾ നടത്തുന്നുണ്ട്. കോയമ്പത്തൂർ, ചെന്നൈ, പഴനി എന്നിവിടങ്ങളിലേക്ക് വരുംദിവസങ്ങളിൽ കൂടുതൽ സർവീസ് ആരംഭിക്കും.




കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവ വേദിയിൽ എഴുത്തുകാരി ശ്രീകുമാരി രാമചന്ദ്രൻറെ ഇംഗ്ലീഷ് രചന 'ദി എവർഗ്രീൻ ലെജൻഡ് ഓഫ് കേരള' പ്രകാശനം ഡോ. വി. പി ഗംഗാധരൻ ആനന്ദ് നീലകണ്ഠൻ എന്നിവർ ചേർന്ന് നിർവഹിക്കുന്നു. ശ്രീകുമാരി രാമചന്ദ്രന്റെ പേരകുട്ടികളായ ഉണ്ണികൃഷ്ണൻ, ആദിത്യ എന്നിവർ സമീപം

# അരുവിത്തുറ കോളജിൽ രാജ്യാന്തര കോൺഫറൻസിനു തുടക്കം

**അരുവിത്തുറ:** ശാസ്ത്ര സാങ്കേതികരംഗങ്ങളിലെ അതിവേഗ പുരോഗതി ഉൾക്കൊള്ളാൻ സമൂഹം കരുത്താർജിക്കണമെന്ന് ഡോ.സി. എച്ച് സുരേഷ്. ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ അനുനിമിഷം വിപ്ലവകരമായ പുരോഗതിയാണ് ഉണ്ടാകുന്നത്. സമൂഹത്തിന്റെ സമസ്ത മേഖലകളിലും സമൂലമായ മാറ്റങ്ങൾക്ക് ഇത് വഴിതെളിക്കും ഈ മുന്നേറ്റത്തിനൊപ്പം നിൽക്കാനുള്ള കരുത്ത് സമൂഹം ആർജിക്കണമെന്ന് രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ് ഡയറക്ടറും സി എസ് ഐ ആർ നിസ്റ്റ് ചീഫ് സയന്റിസ്റ്റു മായ ഡോ. സി എച്ച് സുരേഷ് പറഞ്ഞു. സയൻസ്, സോഷ്യൽ സയൻസ്, ടെക്നോളജി മേഖലകളിലെ സമീപകാല മുന്നേറ്റങ്ങളെ ആസ്പദമാക്കി അരുവിത്തുറ സെൻറ് ജോർജ് കോളജ് ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ദിദ്വിന അന്തർദേശീയ കോൺഫറൻസ് ഐക്രാസ്റ്റ് 2024 ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.



കോളജ് മാനേജർ റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ കോളജ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. സിബി ജോസഫ് കോഴ്സ് കോഡിനേറ്റർ റവ. ഫാ. ബിജു കുന്നയ്ക്കാട്ട് വൈസ് പ്രിൻസിപ്പൽ ഡോ. ജിലു ആനി ജോൺ, ഐക്യുഎസി കോഡിനേറ്റർ ഡോ സുമേഷ് ജോർജ് തുടങ്ങിയവർ സംസാരിച്ചു. എംജി യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്ക്സ് വിഭാഗം അദ്ധ്യാപകൻ ഡോ എം വി ബിജുലാൽ മലയാളി വിദ്യാർത്ഥികളുടെ വിദേശ കുടിയേറ്റവും സാമുഹിക സാമ്പത്തിക പ്രത്യാഘാതങ്ങളും എന്ന വിഷയത്തിൽ സെമിനാർ നയിച്ചു. കേരളത്തിനകത്തും പുറത്തുമുള്ള സയൻസ് സോഷ്യൽ സയൻസ് മേഖലയിലെ വിദഗ്ധർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. സെഷനുകളിൽ നിരവധി സ്ഥാപനങ്ങളിൽ നിന്നുള്ള അധ്യാപകരും ഗവേഷണ വിദ്യാർത്ഥികളും ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

# പ്രതീക്ഷയോടെ കീഴാന്തൂർ കാപ്പി; പഴുത്ത കുരുവിന് വില കിലോ 72 രൂപ

**മറയൂർ:** കാലാവസ്ഥ വ്യതിയാനത്തിൽ വിളവ് കുറഞ്ഞെങ്കിലും പാകമായ കീഴാന്തൂർ കാപ്പിക്കു മെച്ചപ്പെട്ട വില ലഭിക്കുമെന്ന പ്രതീക്ഷയിൽ കർഷകർ. ഒരു കിലോഗ്രാം പഴുത്ത കാപ്പിക്കുരുവിനു 72 രൂപയാണ് ഇപ്പോൾ വില. ഇവിടെ നിന്ന് ഉൽപാദിപ്പിക്കുന്ന കാപ്പിപ്പൊടിക്കു വിദേശ വിപണിയിൽ വരെ വലിയ ഡിമാൻഡാണ്. സ്വകാര്യ കമ്പനി കർഷകരിൽ നിന്നു കാപ്പിക്കുരു ശേഖരിച്ചു പൊടിയാക്കി ജർമനി, ക്യൂബ തുടങ്ങിയ രാജ്യങ്ങളിലേക്കടക്കം കയറ്റുമതി ചെയ്യുന്നുണ്ട്.



നിലവിൽ അഞ്ചുനാട്ടിലെ കാന്തല്ലൂർ, കീഴാന്തൂർ, കുളച്ചിവയൽ, വെട്ടുകാട്, മറയൂരിലെ പള്ളനാട്, കാപ്പിസ്റ്റോർ തുടങ്ങിയ ഗ്രാമങ്ങളിലാണു കാപ്പി വ്യാപകമായി കൃഷി ചെയ്തിട്ടുള്ളത്. കാവേരി, സിലക്ഷൻ, അറബിക് എന്നീ ഇനം കാപ്പികളാണു കൂടുതൽ. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലാണു വിളവെടുപ്പ് നടക്കാറുള്ളതെങ്കിലും ഇത്തവണ വൈകി. നവംബറിലാണു വിളവെടുപ്പ് തുടങ്ങാനായത്.

മറ്റു സ്ഥലങ്ങളിലെ കാപ്പിക്ക് കിലോഗ്രാമിനു 30,50 രൂപ വരെ ലഭിക്കുമ്പോഴാണു കീഴാന്തൂർ കാപ്പിക്കു 72 രൂപ വരെ വില ലഭിക്കുന്നത്. ഇവിടെ വിളയുന്ന കാപ്പിയുടെ ഗുണമേന്മ മനസ്സിലാക്കി മണ്ണാർക്കാട് സോഷ്യൽ സർവീസ് സൊസൈറ്റി മികച്ച വില നൽകി കാപ്പിക്കുരു സംഭരിക്കുന്നുണ്ട്.



# ഇടുക്കി ഗവൺമെൻറ് മെഡിക്കൽ കോളേജിൽ അത്യധുനിക ലാപ്രോസ്കോപ്പി സംവിധാനം

**ഇടുക്കി:** മെഡിക്കൽ കോളജിൽ സർജറി വിഭാഗത്തിന് കീഴിൽ ആധുനിക ലാപ്രോസ്കോപ്പി സംവിധാനം ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. മെഡിക്കൽ കോളേജ് റോഡ് വികസനത്തിനായി 18 കോടി രൂപ അനുവദിച്ചതായും മന്ത്രി അറിയിച്ചു. ഇടുക്കി മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോക്ടർ ടോമി മാപ്പിലകയിൽ അധ്യക്ഷത വഹിച്ചു.. ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ ടി ബിനു, മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ സുരേഷ് വർഗീസ്, മെഡിക്കൽ കോളജ് ആർഎംഒ ഡോ നവാസ്, സർജറി വിഭാഗം മേധാവി ഡോ ആർ സി ശ്രീകുമാർ എന്നിവർ സംസാരിച്ചു. വിവിധ വകുപ്പ് മേധാവികൾ, മെഡിക്കൽ കോളേജ് ഉദ്യോഗസ്ഥർ, വിദ്യാർത്ഥികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

മെഡിക്കൽ കോളേജ് വികസനത്തിനുള്ള എല്ലാ പിന്തുണയും നൽകുമെന്നും മന്ത്രി റോഷി അഗസ്റ്റിൻ ഉറപ്പു നൽകി.

# 50 ഏക്കറിലെ കൃഷി ഉപേക്ഷിക്കാൻ ഒരുങ്ങി നെൽക്കർഷകർ

**ഏറ്റുമാനൂർ:** പാടശേഖരത്തിലേക്കുള്ള ജലസേചനം തടസ്സപ്പെട്ടതോടെ 250ഏക്കറോളം വരുന്ന പാടശേഖരത്തിലെ കൃഷി ഉപേക്ഷിക്കാനൊരുങ്ങി നെൽക്കർഷകർ. പേരൂർ, തെള്ളകം പാടശേഖരത്തെ കർഷകരാണ് ഇക്കുറി കൃഷി നടത്താനാവാതെ പ്രതിസന്ധിയിലായത്. ജലസേചന വകുപ്പിന്റെ മൈനർ ഇറിഗേഷനു കീഴിൽ പേരൂർ പുളിമൂടിനു സമീപം പാലപ്പുഴയിൽ പ്രവർത്തിക്കുന്ന പമ്പ് ഹൗസിൽ നിന്നാണ് 250 ഏക്കറിലധികം വരുന്ന പാടശേഖരങ്ങളിലേക്ക് ജലം ലഭ്യമാക്കുന്നത്.

എന്നാൽ മാസങ്ങളായി ഇവിടെ നിന്നും ജല വിതരണം നിലച്ചതോടെ നിലമൊരുക്കാനും വിത്ത് വിതയ്ക്കാനും പറ്റാത്ത സാഹചര്യത്തിലാണ് കർഷകർ. നിലമൊരുക്കുന്നതിനു ആവശ്യമായ കക്കയും നെല്ല് വിത്തും കൃഷിഭവനിൽ നിന്നും ലഭിച്ചുവെങ്കിലും ഇവ എന്ത് ചെയ്യണമെന്നറിയാത്ത അവസ്ഥയിലാണ്. പാടത്ത് വെള്ളമെത്താതെ ട്രാക്ടർ ഇറക്കി നിലം ഉഴാനോ, തുടർ നടപടികൾക്കോ കഴിയുന്നില്ല. കൃഷി ഭവനിൽ നിന്നും ലഭിച്ച സാമഗ്രികൾ കൃത്യമായി ഉപയോഗിക്കാനും പറ്റുന്നില്ല.

നവംബർ 16 മുതൽ പാടത്തേക്ക് വെള്ളം പമ്പ് ചെയ്യണമെന്നാവശ്യപ്പെട്ട് കർഷകർ അധികൃതർക്ക് കത്ത് നൽകിയിരുന്നു. പാടശേഖര സമിതി ഭാരവാഹികളും കൃഷിഭവൻ അധികൃതരും പലവട്ടം മൈനർ ഇറിഗേഷൻ ഓഫിസിലേക്ക് വിളിച്ചിട്ടും ഫോൺ എടുക്കാൻ പോലും ഉദ്യോഗസ്ഥർ തയാറായിട്ടില്ലെന്നും നേരിട്ട് പരാതി നൽകാമെന്ന് കരുതി ഓഫിസിലെത്തിയാൽ ഉത്തരവാദിത്തപ്പെട്ടവർ ഉണ്ടാകാറില്ലെന്നും കർഷകർ പറയുന്നു. മീനച്ചിലാറ്റിൽ ജലനിരപ്പ് ഉയർന്നപ്പോൾ അഴിച്ചു മാറ്റിയ മോട്ടർ കഴിഞ്ഞ ദിവസം വരെ പുനഃസ്ഥാപിച്ചിട്ടില്ല.



ഇതിനിടെ മോട്ടർ തകരാറിലാണെന്നു ജീവനക്കാർ സൂചിപ്പിച്ചുവെങ്കിലും കേടുപാടുകൾ തീർക്കാനുള്ള നടപടി പോലും അധികൃതരുടെ ഭാഗത്ത് നിന്നും ഉണ്ടായില്ല. 50, 60, 25 കുതിര ശക്തിയുടെ മോട്ടറുകളാണ് നിലവിൽ പേരൂർ പമ്പ് ഹൗസിൽ ഉള്ളത്. കർഷകരുടെ പ്രതിഷേധം ശക്തമായപ്പോൾ ഇതിൽ 25 കുതിര ശക്തിയുടെ മോട്ടർ ഉപയോഗിച്ച് വെള്ളമെത്തിച്ച് പ്രതിഷേധം തണുപ്പിക്കാനാണ് അധികൃതരുടെ ശ്രമം.

എന്നാൽ ഇതു കൊണ്ട് പമ്പ് ഹൗസിനു സമീപത്തുള്ള പാടശേഖരത്തിൽ പോലും കൃത്യമായി വെള്ളമെത്തിക്കാൻ കഴിയില്ലെന്നും കർഷകർ പറയുന്നു. കഴിഞ്ഞ വർഷം ഈ സമയത്ത് നെൽകൃഷി ആരംഭിച്ചിരുന്നു. എന്നാൽ ഇക്കുറി വിത്ത് വിതയ്ക്കാൻ പോലും കഴിഞ്ഞിട്ടില്ല. ജലസേചനത്തിനു പരിഹാരം ഉണ്ടായില്ലെങ്കിൽ നെൽകൃഷി ഉപേക്ഷിക്കേണ്ടി വരുമെന്നു കർഷകർ മുന്നറിയിപ്പ് നൽകുന്നു.

# കരുതലും കൈത്താങ്ങും 2024 : അപേക്ഷകൾ ഡിസംബർ ആറ് വരെ സമർപ്പിക്കാം

**തിരുവനന്തപുരം:** കരുതലും കൈത്താങ്ങും മന്ത്രിമാരുടെ നേതൃത്വത്തിലുള്ള താലൂക്ക് തല പരാതി പരിഹാര അദാലത്തിൽ തിരുവനന്തപുരം ജില്ലയിൽ അപേക്ഷകൾ ഡിസംബർ ആറ് വരെ ഓൺലൈനായി സമർപ്പിക്കാം. https://karuthal.kerala.gov.in/ എന്ന വെബ് സൈറ്റിലൂടെയോ അക്ഷയകേന്ദ്രങ്ങൾ മുഖേനയോ താലൂക്ക് ആസ്ഥാനങ്ങളിലൂടെയോ പൊതുജനങ്ങൾക്ക് പരാതികൾ നൽകാവുന്നതാണ്.

തിരുവനന്തപുരം ജില്ലയിൽ ഡിസംബർ ഒൻപത് മുതൽ 17 വരെയാണ് അദാലത്ത് നടക്കുന്നത്. ഡിസംബർ 9 ന് തിരുവനന്തപുരം താലൂക്ക്, ഡിസംബർ 10ന് നെയ്യാറ്റിൻകര താലൂക്ക്, ഡിസംബർ 12ന് നെടുമങ്ങാട് താലൂക്ക്, ഡിസംബർ 13ന് ചിറയിൻകീഴ് താലൂക്ക്, ഡിസംബർ 16ന് വർക്കല താലൂക്ക്, ഡിസംബർ 17ന് കാട്ടാക്കട താലൂക്ക് എന്നിങ്ങനെയാണ് അദാലത്തുകൾ നടക്കുന്നത്.

21 വിഷയങ്ങളിൽ അദാലത്തിൽ അപേക്ഷ നൽകാവുന്നതാണ്. ഭൂമി സംബന്ധമായ വിഷയങ്ങൾ (പോക്ക് വരവ്, അതിർത്തി നിർണ്ണയം, അനധികൃത നിർമ്മാണം, ഭൂമി കയ്യേറ്റം, അതിർത്തി തർക്കങ്ങളും,വഴി തടസ്സപ്പെടുത്തലും ); സർട്ടിഫിക്കറ്റുകൾ / ലൈസൻസുകൾ നൽകുന്നതിലെ കാലതാമസം/ നിരസിക്കൽ; കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ടവ (കെട്ടിട നമ്പർ, നികുതി); വയോജന സംരക്ഷണം; പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിവിധ ആനുകൂല്യങ്ങൾ; മത്സ്യ ബന്ധന തൊഴിലാളികളുമായി ബന്ധപ്പെട്ടവ; ശാരീരിക/ ബുദ്ധി/ മാനസിക വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസം, ധനസഹായം, പെൻഷൻ, ബന്ധപ്പെട്ട മറ്റ് ആവശ്യങ്ങൾ; പരിസ്ഥിതി മലിനീകരണം/ മാലിന്യ സംസ്കരണം; പൊതുജലസ്രോതസ്സുകളുടെ സംരക്ഷണവും, കുടിവെള്ളവും; റേഷൻകാർഡ് ചികിത്സാ ആവശ്യങ്ങൾക്ക്) (ചികിത്സാ ആവശ്യങ്ങൾക്ക്); കാർഷിക വിളകളുടെ സംഭരണവും വിതരണവും, വിള ഇൻഷ്വറൻസ്, കാർഷിക മേഖലയുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ; വളർത്തുമൃഗങ്ങൾക്കുള്ള നഷ്ടപരിഹാരം/ സഹായം, മേഖലയുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ; ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ടവ; വ്യവസായ സംരംഭങ്ങൾക്കുള്ള അനുമതി; ആരോഗ്യ മേഖലയിലെ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ; വന്യജീവി ആക്രമണങ്ങളിൽ നിന്നുള്ള സംരക്ഷണം/ നഷ്ടപരിഹാരം; വിവിധ സ്കോളർഷിപ്പുകൾ സംബന്ധിച്ചുള്ള പരാതികൾ/അപേക്ഷകൾ; തണ്ണീർത്തട സംരക്ഷണം; അപകടകരങ്ങളായ മരങ്ങൾ മുറിച്ചുമാറ്റുന്നത്; എൻഡോസൾഫാൻ ദുരിതബാധിതരുടെ വിഷയങ്ങൾ; പ്രകൃതി ദുരന്തങ്ങൾക്കുള്ള നഷ്ടപരിഹാരം തുടങ്ങിയ വിഷയങ്ങളാണ് പരിഗണിക്കുന്നത്.

നിർദ്ദേശങ്ങൾ, അഭിപ്രായങ്ങൾ, പ്രൊപ്പോസലുകൾ; ലൈഫ് മിഷൻ; ജോലി ആവശ്യപ്പെട്ടുകൊണ്ടുള്ളവ/ പി എസ് സി സംബന്ധമായ വിഷങ്ങൾ; വായ്പ എഴുതി തള്ളൽ; പോലീസ് കേസുകൾ; ഭൂമിസംബന്ധമായ വിഷയങ്ങൾ (പട്ടയങ്ങൾ, തരംമാറ്റം); മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് സഹായത്തിനായുള്ള അപേക്ഷകൾ; സാമ്പത്തിക സഹായത്തിനുള്ള അപേക്ഷകൾ (ചികിത്സാ സഹായം ഉൾപ്പെടെയുള്ള); ജീവനക്കാര്യം (സർക്കാർ); റവന്യൂ റിക്കവറിവായ്പ തിരിച്ചടവിനുള്ള സാവകാശവും ഇളവുകളും എന്നീ വിഷയങ്ങൾ അദാലത്തിൽ പരിഗണിക്കില്ല.

# ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം: കൂടിക്കാഴ്ച 10 ന്

**പാലക്കാട്:** മലമ്പുഴ ഗവ. ഐ.ടി.ഐയിൽ ടർണർ, ഇലക്ട്രീഷ്യൻ ട്രേഡുകളിൽ ഗസ്റ്റ് ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നു. ടർണർ/ ഇലക്ട്രീഷ്യൻ ട്രേഡിൽ എൻ.ടി.സിയും മൂന്നു വർഷത്തെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ എൻ.എ.സി യും ഒരു വർഷത്തെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ ബന്ധപ്പെട്ട എഞ്ചിനീയറിങ് ബ്രാഞ്ചിൽ മൂന്നു വർഷ ഡിപ്ലോമയോ ഡിഗ്രിയോ ഉള്ളവർക്ക് കൂടിക്കാഴ്ചയിൽ പങ്കെടുക്കാവുന്നതാണ്. ടർണർ ട്രേഡിലെ നിയമനം എൽ.സി/ എ.ഐ വിഭാഗക്കാർക്ക് സംവരണം ചെയ്തിട്ടുണ്ട്. ഈ വിഭാഗക്കാരുടെ അഭാവത്തിൽ ജനറൽ വിഭാഗത്തിലുള്ളവരെ പരിഗണിക്കും. യോഗ്യരായവർക്കുള്ള കൂടിക്കാഴ്ച ഡിസംബർ 10 ന് രാവിലെ 11 മണിക്ക് ഐ.ടി.ഐ ഓഫീസിൽ വെച്ച് നടക്കും. താത്പര്യമുള്ള ഉദ്യോഗാർഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം എത്തണം.

# സാമൂഹ്യ നീതി വകുപ്പിൽ ഒഴിവുകൾ

**ഇടുക്കി:** ജില്ലയിലെ ഭിന്നശേഷി സ്ഥാപനങ്ങളിൽ രജിസ്ട്രേഷൻ അനുവദിക്കുന്നതിനും ഇൻസ്പെക്ഷൻ ആവശ്യത്തിലേക്കുമായി സ്പീച്ച് പതോളജിസ്റ്റ്, ഓഡിയോളജിസ്റ്റ്, ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റ്, സൈക്കോളജിസ്റ്റ്, സെപ്ഷ്യൽ എഡ്യൂക്കേറ്റർ എന്നിവയിൽ വിദഗ്ധരെ നിയമിക്കുന്നതിന് ഡിസംബർ 6 ന് രാവിലെ 10 മണിക്ക് ഇടുക്കി കളക്ട്രേറ്റിൽ വച്ച് വാക് ഇൻ ഇന്റർവ്യു നടക്കും. ഫോൺ: 04862 228160, 9496456464.




# ദേശീയ പുരസ്കാര നിറവിൽ അനന്യ; രാഷ്ട്രപതിയിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങി

**ന്യൂഡൽഹി:** സംഗീതത്തിന്റെ കരുത്തിലായിരുന്നു എന്നും അനന്യയുടെ യാത്രകൾ. കുറവുകളെ പ്രതിഭ കൊണ്ട് മറികടന്ന അനന്യ ബിജേഷിനെ തേടി ദേശീയ പുരസ്കാരമായ സർവശ്രേഷ്ഠ ദിവ്യാംഗ്ജൻ കൂടിയെത്തുമ്പോൾ ആ യാത്രകൾക്ക് കൂടുതൽ തെളിച്ചമേറുന്നു. 18 വയസിന് മുകളിൽ പ്രായമുള്ള ഭിന്നശേഷിക്കാരായ പ്രതിഭകളുടെ വ്യക്തിഗത കലാമികവിനുള്ള പുരസ്കാരമാണ് ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതിയിൽ നിന്ന് അനന്യ ഏറ്റുവാങ്ങിയത്. കേരളത്തിൽ നിന്നുള്ള ഏക പുരസ്കാര ജേതാവാണ് അനന്യ. നിലവിൽ 80 ശതമാനം ഓട്ടിസം സ്പെക്ട്രം ഡിസോർഡർ സ്ഥിരീകരിച്ചിട്ടുള്ള അനന്യക്ക്രണ്ടു വയസുള്ളപ്പോഴാണ് ഓട്ടിസം രോഗമുണ്ടെന്ന് തിരിച്ചറിഞ്ഞത്. ചെറു പ്രായത്തിൽ തന്നെ അനന്യക്ക് സംഗീതത്തിൽ സവിശേഷമായ താത്പര്യമുണ്ടെന്നും വീട്ടുകാർ കണ്ടെത്തി. കേട്ട പാട്ടുകൾ പാടാൻ ആരംഭിച്ച അനന്യ സം?ഗീതം പഠിക്കാതെ തന്നെ നാലു വയസുള്ളപ്പോൾ കീബോർഡും വായിക്കാൻ തുടങ്ങി. പരിശ്രമമില്ലാതെ തന്നെ ഏതു പാട്ടും കീബോർഡിൽ വഴങ്ങുമെന്ന കണ്ടതോടെയാണ് അനന്യയിലെ സം?ഗീത പ്രതിഭ വീട്ടുകാരും തിരിച്ചറിഞ്ഞത്. സംസ്ഥാന സർക്കാരിന്റെ 2022ലെ ഭിന്നശേഷി പുരസ്കാരവും കഴിഞ്ഞ വർഷം ഉജ്ജ്വലബാല്യം പുരസ്കാരവും അനന്യയ്ക്കു ലഭിച്ചിരുന്നു.

തിരുവനന്തപുരം, തിരുമല സ്വദേശിയായ അനന്യ വഴുതക്കാട് റോട്ടറി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ചിൽഡ്രൻ ഇൻ നീഡ് ഓഫ് സ്പെഷ്യൽ കെയർ സ്കൂളിലെ വിദ്യാർഥിനിയാണ്. നിരവധി പ്രശസ്ത കലാകാരൻമാർക്കൊപ്പം പാടി കഴിവു തെളിയിച്ച അനന്യയുടെ സംഗീത വഴികളിൽ ശക്തമായ പിന്തുണയുമായി കുടുംബവും ഒപ്പമുണ്ട്. അച്ഛൻ ബി ബി ബിജേഷ് തിരുവനന്തപുരത്ത് റിസർവ് ബാങ്ക് ഉദ്യോഗസ്ഥനാണ്. അമ്മ: അനുപമ, സഹോദരൻ ആരോൺ പാങ്ങോട് പി എം കേന്ദ്രീയ വിദ്യാലയയിൽ പ്ലസ് ടു വിദ്യാർഥിയാണ്.

# ഇഎസ്എ : ജനങ്ങളുടെ ആശങ്ക പരിഹരിക്കാത്തത് പ്രതിഷേധാർഹം: ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്

**കൊച്ചി:** ഇഎസ്എ അന്തിമ വിജ്ഞാപനവുമായി ബന്ധപ്പെട്ട് കേരളത്തിലെ ജനങ്ങൾക്കുണ്ടായിട്ടുള്ള നിരവധി ആശങ്കകൾ പരിഹരിച്ച് സുതാര്യമായ നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാർ തയ്യാറാകാത്തത് പ്രതിഷേധാർഹമാണെന്ന് സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ ചെയർമാൻ ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത് വ്യക്തമാക്കി. 2024 ജൂലൈ 31ന് പ്രസിദ്ധീകരിച്ച ആറാമത്തെ കരട് വിജ്ഞാപനത്തിനെതിരെ ജനങ്ങൾക്ക് ആക്ഷേപങ്ങൾ സമർപ്പിക്കുവാനുള്ള കാലാവധിയായ 60 ദിവസം കഴിഞ്ഞിട്ടും സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് കൃത്യമായ ഇഎസ്എ മാപ്പുകൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട്. കോടതി ഉത്തരവായിട്ടും ഇതുവരെ കരട് വിജ്ഞാപനത്തിന്റെ മലയാള പരിഭാഷ സംസ്ഥാനസർക്കാർ പ്രസിദ്ധീകരിച്ചിട്ടില്ല.

98 വില്ലേജുകളിലെ റിസർവ് ഫോറസ്റ്റ് വിസ്തൃതിയായി സർക്കാർ ഇപ്പോൾ ശുപാർശ ചെയ്തിരിക്കുന്നു എന്നുപറയുന്ന 8590.69 ച. കി. മീ ഇഎസ്എ എന്നത് ഉമ്മൻ വി ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിലെയും 2018 ൽ സംസ്ഥാന സർക്കാർ നൽകിയ റിപ്പോർട്ട് അടക്കമുള്ള രേഖകളിലെയും തെറ്റുകളുടെ ആവർത്തനമാണ്. കരടു വിജ്ഞാപനങ്ങളിൽ നൽകിയിട്ടുള്ള 9107ച കി മീ ഫോറെസ്റ്റ് 123 വില്ലേജുകളിലെ ഫോറസ്റ്റ് ഏരിയ എന്ന തെറ്റായ വിസ്തൃതി തിരുത്തി നൽകുവാൻ സംസ്ഥാന സർക്കാരുകൾ കാണിച്ച അമാന്തത്തിന്റെ തുടർച്ചയാണിത്. എത്രയും പെട്ടെന്ന് ഇത് തിരുത്തി അഡൻണ്ടം നൽകുവാൻ സർക്കാർ തയ്യാറാവണം.

ഒരു മാസം മുൻപ് സർക്കാർ നൽകിയെന്ന് അവകാശപ്പെടുന്ന റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ച ചെയ്യാതെയാണ് നൽകിയിരിക്കുന്നത്. ഇതും അടിയന്തരമായി ഗ്രാമസഭകളിൽ ചർച്ച ചെയ്തു തെറ്റ് തിരുത്തണം. ഇപ്പോഴത്തെ റിപ്പോട്ടിലും റവന്യൂ വില്ലേജുകളുടെ പേരിൽ ആണോ ഇഎസ്എ ഏരിയ അറിയപ്പെടുന്നത് എന്ന് സർക്കാർ വ്യക്തമാക്കണം. ആണെങ്കിൽ അത് തിരുത്തിനല്കാൻ തയാറാവണം. സംസ്ഥാന സർക്കാർ സമർപ്പിച്ചു എന്ന് അവകാശപ്പെടുന്ന അവസാന റിപ്പോർട്ട് എന്തുകൊണ്ടാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കാത്തത് എന്നു വ്യക്തമാക്കണം.

2018 ൽ സംസ്ഥാന സർക്കാർ ജനങ്ങളെ വിശ്വാസത്തിൽ എടുക്കാതെ നൽകിയ 92 വില്ലേജുകളുടെ ഇഎസ്എ റിപ്പോർട്ട് കേന്ദ്രം അംഗീകരിക്കാതെ വന്ന സാഹചര്യത്തിൽ പുതിയ റിപ്പോർട്ട് നൽകുന്നതിന് പകരം 123 വില്ലേജുകളെ 131 വില്ലേജുകളായി വിഭജിച്ചു വർദ്ധിപ്പിച്ച് കാണിച്ച് 2018 ലെ അതെ റിപ്പോർട്ടിൽ ആറു വില്ലേജുകൾ കൂടി ഉൾപ്പെടുത്തി 98 വില്ലേജുകളായി വീണ്ടും സമർപ്പിച്ച് റിപ്പോർട്ട് കേന്ദ്രത്തെക്കൊണ്ട് അംഗീകരിപ്പിക്കാനുള്ള ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. മലബാർ മേഖലയിൽ അടക്കം 20 ശതമാനത്തിൽ താഴെ വനവും നൂറിലധികം ജനസാന്ദ്രതയും ഉള്ള നിരവധി വില്ലേജുകളെ, സമാന രീതിയിലുള്ള മറ്റു വില്ലേജുകളെ 2018 ലെ റിപ്പോർട്ടിൽ ഒഴിവാക്കിയത് പോലെ, ഒഴിവാക്കാതെ ഇഎസ്എ ആയി നിലനിർത്തുന്ന സംസ്ഥാന സർക്കാരിന്റെ നാടപടി അവസാനിപ്പിക്കണം.

മറ്റു സംസ്ഥാനങ്ങളൊന്നും അന്തിമ വിജ്ഞാപനം ആവശ്യപ്പെടാത്ത സാഹചര്യത്തിൽ കേരളം മാത്രം, സംഭവിച്ച തെറ്റുകൾ തിരുത്തി അന്തിമറിപ്പോർട്ട് നൽകാതെ, ധൃതിപിടിച്ച് പാർലമെന്റിൽ കേരളത്തിനായി പ്രത്യേക വിജ്ഞാപനം ആവശ്യപ്പെടുന്നത് നിരവധി സംശയങ്ങൾക്ക് ഇടവരുത്തുന്നു, മലയോര മേഖലയിലെ ലക്ഷക്കണക്കിനു ജനങ്ങളെ ബാധിക്കുന്ന ഇഎസ്എ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നു നീതിപൂർണമായ സമീപനം പ്രതീക്ഷിക്കുന്നുവെന്നും ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത് വ്യക്തമാക്കി.



# നർത്തകർക്ക് ആദരം ; ദേശീയ നൃത്തോത്സവത്തിന് സമാപനം

**കൊച്ചി** നഗരസഭ സംഘടിപ്പിച്ച ദേശീയ നൃത്തോത്സവമായ ഭാവ്'2024 സമാപിച്ചു. അമീന ഷാനവാസിന്റെ മോഹിനിയാട്ടം, ബാംഗ്ലൂർ നൃത്ത്യാഗ്രാം ഒരുക്കിയ ഒഡീസി എന്നിവയാണ് ഇന്നലെ അരങ്ങേറിയത്.

കലാ മേഖലയിൽ അവിസ്മരണീയ സംഭാവനകൾ നൽകിയ ഗുരുക്കൻമാരായ കലാവിജയൻ, കലാമണ്ഡലം സുഗന്ധി, കലാമണ്ഡലം സുമതി, നാട്യ വിശാരദ അനുപമ മോഹൻ എന്നിവരെ ചടങ്ങിൽ ആദരിച്ചു. മേയർ അഡ്വ എം.അനിൽകുമാർ , ജില്ലാ കളക്ടർ എൻ. എസ്. കെ ഉമേഷ് ഐ.എ.എസ് , ഡെപ്യൂട്ടി കളക്ടർ മീര കെ, ഫെഡറൽ ബാങ്ക് ഡെപ്യൂട്ടി വൈസ് പ്രസിഡന്റ് വിനോദ് ബി, നടിയും നർത്തകിയുമായ ആശാ ശരത് എന്നിവർ പങ്കെടുത്തു.


# ചെന്നൈ ശിവ് നാടാർ യൂണിവേഴ്സിറ്റിയിൽ പിഎച്ച്ഡി പ്രവേശനം

**ചെന്നൈ:** ശിവ് നാടാർ ഫൗണ്ടേഷന്റെ മൂന്നാമത്തെ ഉന്നത വിദ്യാഭ്യാസ സംരംഭമായ ചെന്നൈ ശിവ് നാടാർ യൂണിവേഴ്സിറ്റി, 2025 ജനുവരിയിൽ ആരംഭിക്കുന്ന പിഎച്ച്ഡി പ്രോഗ്രാമുകൾക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നു. പ്രവേശനം ആഗ്രഹിക്കുന്നവർ 2024 ഡിസംബർ 13 നകം അപേക്ഷിക്കണം.

കംപ്യൂട്ടർ സയൻസ് & എൻജിനീയറിംഗ്, സിവിൽ എൻജിനീയറിംഗ്, എൻവയോൺമെന്റൽ സയൻസ് & എൻജിനീയറിംഗ്, ഇംഗ്ലീഷ്, കൊമേഴ്സ്, ഇക്കണോമിക്സ്, മാത്തമാറ്റിക്സ്, ഫിസിക്സ്, ഇന്റർ ഡിസിപ്ലിനറി റിസർച്ച് എന്നിവ ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ പിഎച്ച്ഡി പ്രോഗ്രാമുകൾ വാഗ്ദാനം ചെയ്യുന്നു.ഗവേഷണ പരിശീലനത്തിലൂടെ ഇന്നൊവേഷൻ പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഈ പ്രോഗ്രാമുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

# പന്ത്രണ്ടായിരം ഭരതനാട്യ നർത്തകർ ഒരേവേദിയിൽ; ഗിന്നസ് റെക്കോർഡ് പ്രകടനം 29ന്

**കൊച്ചി:** ഒരേ വേദിയിൽ പന്ത്രണ്ടായിരം ഭരതനാട്യ നർത്തകർ അണിനിരന്ന് ഗിന്നസ് ലോക റെക്കോർഡ് പ്രകടനം നടത്താൻ കൊച്ചി ഒരുങ്ങുന്നു. ഡിസംബർ 29ന് കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ നടക്കുന്ന മൃദംഗനാദം 2024 എന്ന പരിപാടി മൃദംഗവിഷനാണ് സംഘടിപ്പിക്കുന്നത്.




നർത്തകിയും ചലച്ചിത്രതാരവുമായ ദിവ്യ ഉണ്ണിയാണ് മൃദംഗനാദം 2024ന്റെ ബ്രാന്റ് അംബാസിഡർ. പരിപാടിയിൽ പങ്കെടുക്കുന്നവരുടെ രജിസ്ട്രേഷൻ നടപടികൾ ഇതിനകം പൂർത്തിയായതായി മൃദംഗവിഷൻ മാനേജിംഗ് ഡയറക്ടർ നിഘോഷ് കുമാർ അറിയിച്ചു.

മൃദംഗനാദം 2024 നേരിൽ കാണാനുള്ള പ്രവേശന പാസുകൾ ബുക് മൈ ഷോയിൽ ലഭ്യമാണ്.

# റബർ മരത്തിന് ഇടിമിന്നലേറ്റാൽ



കർഷകാലത്ത് പല റബർ തോട്ടങ്ങളിലും ഇടിമിന്നലേറ്റു മരങ്ങൾ ഉണങ്ങിപ്പോകാറുണ്ട്. ഇതിൻറെ ലക്ഷണങ്ങൾ മരങ്ങളിൽ വളരെ പെട്ടന്നാണ് പ്രത്യക്ഷപ്പെടുന്നത്. ഇടിമിന്നലിൻറെ കാഠിന്യമനുസരിച്ച് മരങ്ങൾ പൂർണമായി ഉണങ്ങിപ്പോവുകയോ ഭാഗികമായ കേടിനു വിധേയമാവുകയോ ചെയ്യും.

പലപ്പോഴും കൂട്ടമായാണു മരങ്ങൾക്ക് ഇടിമിന്നൽ ഏൽക്കാറുള്ളത്. ഒരു കൂട്ടം മരങ്ങൾക്ക് മിന്നൽ ഏറ്റാൽ ആഘാതത്തിൻറെ ഫലമായുണ്ടാകുന്ന ലക്ഷണങ്ങൾ ആദ്യം നടുക്കു നിൽക്കുന്ന മരങ്ങളിലും ക്രമേണ ചുറ്റുപാടുമുള്ള മരങ്ങളിലും പ്രത്യക്ഷപ്പെടും.

മരങ്ങളുടെ ഇലച്ചിലുകൾക്കോ ശിഖരങ്ങൾക്കോ തായ്ത്തടിക്കോ ഇടിമിന്നലേറ്റ് കേടുപാടുകൾ ഉണ്ടാകാം. ചിലപ്പോൾ തായ്ത്തടിയുടേയും ശിഖരങ്ങളുടേയും ഏതെങ്കിലുമൊരു വശത്തു മാത്രമെ ഇടിമിന്നൽ ഏറ്റു കേടുണ്ടാകാറുള്ളൂ.

ഇലച്ചിലുകൾ പച്ചനിറത്തിൽ തന്നെ ഞെട്ടുകളോടുകൂടി പൊഴിഞ്ഞു പോകുന്നതു കാണാം. തായ്ത്തടിയിലോ ശിഖരങ്ങളിലോ ഇടിമിന്നലേറ്റാൽ ആ ഭാഗങ്ങളിൽ നിന്നു റബർ കറ ഒലിച്ചിറങ്ങാറുണ്ട്. കേടുവന്ന ഭാഗങ്ങളിലെ പട്ട ഉണങ്ങുകയും തടിയിൽ നിന്നു വേർപെടുകയും ചെയ്യും.

ഇടിമിന്നലേറ്റതിൻറെ ഫലമായി ആദ്യം കേടു ബാധിക്കുന്ന ഭാഗം ഭവകല(തണ്ണിപ്പട്ട) ആയതിനാൽ പട്ടയിൽ ഉണക്കു ബാധിക്കുന്നത് അകത്തു നിന്നും പുറത്തേക്കായിരിക്കും. കേടുവന്ന ഭവകല ആദ്യം ചോക്കലേറ്റു നിറമാവുകയും ക്രമേണ കടും ചുവപ്പും അവസാനം കറുപ്പു നിറവുമായി തീരുന്നു.ഉണങ്ങിപോയ പട്ട അടർത്തിനോക്കിയാൽ പട്ടയ്ക്കും തടിക്കും ഇടയിലായി ചെറിയ തടിതുരപ്പൻ വണ്ടുകൾ ധാരാളമായി അധിവസിക്കുന്നതുകാണാം. ഇടിമിന്നലേറ്റ മരങ്ങൾ പാച്ചുക്യാങ്കർ രോഗത്തിനു വേഗം വിധേയമാകുന്നതായി കണ്ടിട്ടുണ്ട്.ഇടിമിന്നലേറ്റ് പൂർണമായി ഉണങ്ങിപോയ മരങ്ങൾ മുറിച്ചു മാറ്റണം. മരങ്ങളുടെ ഇലച്ചിലുകളോ ചില ശിഖരങ്ങളോ മാത്രമാണ് ഉണങ്ങി പോയതെങ്കിൽ ആ ഭാഗങ്ങൾ മാത്രം മുറിച്ചു മാറ്റിയാൽ മതിയാകും. തായ്ത്തടിയുടേയോ ശിഖരങ്ങളുടെയോ ചില ഭാഗങ്ങളിലുള്ള പട്ടയ്ക്കാണു കേടുവന്ന് ഉണങ്ങിപോയതെങ്കിൽ ആ പട്ട ചുരണ്ടികളയണം.ഇനി ശിഖരങ്ങൾ മുറിച്ചു മാറ്റിയ മുറിപാടിലും പട്ട ചുരണ്ടിക്കളഞ്ഞ സ്ഥലങ്ങളിലും ഇൻഡോഫിൽ എം 45 എന്ന കുമിൾ നാശിനി പത്തുഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ കലർത്തിയ ലായനികൊണ്ടു കഴുകണം. പുരട്ടിയ കുമിൾ നാശിനി ഉണങ്ങിയശേഷം മുറിവുണങ്ങാൻ സഹായിക്കുന്ന പെട്രോളിയം ഉത്പന്നങ്ങളായ സോപ്പു കോട്ട്, തന്പീസ് റബർ പേസ്റ്റ്, ജോൺസ് റബർ കോട്ട് പാനൽ വാക്സ്, റബർ കോട്ട് അറ്റ്ലസോൾ എന്നിവയിൽ ഏതെങ്കിലും ഒന്നു പുരട്ടണം.ഇടിമിന്നലേറ്റ മരങ്ങളുടെ മരുന്നു പുരട്ടിയ ഭാഗങ്ങളിൽ വെയിലടി ഏൽക്കുന്നുണ്ടെങ്കിൽ അവിടെയെല്ലാം വെള്ളയടിക്കണം.




## രുചിയും ഗുണവും കൂടിയ മരച്ചീനിയുമായി കേന്ദ്ര കിഴങ്ങുവിള ഗവേഷണകേന്ദ്രം

കേരളത്തിലെ കാലാവസ്ഥയ്ക്കനുയോജ്യമായതും മികച്ച വിളവ് നൽകുന്നതുമായ പുതിയ മരച്ചീനി ഇനങ്ങളുമായി കേന്ദ്ര കിഴങ്ങുവിള ഗവേഷണകേന്ദ്രം. സി.ടി.സി.ആർ.ഐ. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സൂസൻ ജോണാണ് പുതിയ ഇനങ്ങൾ പുറത്തിറക്കിയത്. ശ്രീ അന്നം, ശ്രീ മന്ന എന്നു പേരിട്ടിരിക്കുന്ന ഇവയ്ക്ക് കുറഞ്ഞ വളപ്രയോഗം മതിയാകും.

ഒരു ഹെക്ടറിൽ 30മുതൽ 40ടൺവരെ വിളവ് ലഭിക്കാൻ 25:12.5:25 എന്ന അനുപാതത്തിൽ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം (എൻ.പി.കെ.)യാണ് പുതിയ ഇനങ്ങൾക്കു വേണ്ടത്. ഇതേ വിളവ് ലഭിക്കാൻ മറ്റുള്ളവയ്ക്ക് നാലിരട്ടി വളപ്രയോഗം വേണ്ടിവരും. ശ്രീ അന്നം വിളവെടുത്ത് ഒരാഴ്ചയോളവും ശ്രീ മന്ന മൂന്നു ദിവസത്തോളവും കേടുകൂടാതിരിക്കും.

മലയാളികളുടെ ഭക്ഷണരീതിക്ക് അനുയോജ്യമായതും രുചികരവും പാചകഗുണവും ഉള്ളവയാണിവ. ഇരു വകഭേദങ്ങളുടെയും മരച്ചീനിക്കമ്പ് 2025 ഏപ്രിൽമുതൽ സി.ടി.സി.ആർ.ഐ. ശ്രീകാര്യം ഓഫീസിൽനിന്നു കർഷകർക്കു ലഭ്യമാകുമെന്നും ഡോ. സൂസൻ ജോൺ അറിയിച്ചു.

## വേനൽ വരുന്നതിന് മുമ്പെ
## തെങ്ങിന് സംരക്ഷണമൊരുക്കാം



വേനൽക്കാല ചൂടിൽ ജലാംശം നഷ്ടപ്പെടാതിരിക്കാൻ തെങ്ങിൻ തടത്തിൽ പുതയിടീൽ ആരംഭിക്കാം. പ്രദേശികമായിക്കിട്ടുന്ന ഇലകളും ഉപയോഗശൂന്യമായ തെങ്ങോലകളും കളകളും മറ്റ് ജൈവവസ്തുക്കളുമെല്ലാം ഇതിനായി ഉപയോഗിക്കാം.ഈർപ്പസംരക്ഷണത്തോടൊപ്പം മണ്ണിലെ ജൈവാംശം കൂട്ടുന്നതിനും പുതയിടീൽ സഹായിക്കും.

**ജലസേചനം**

വരൾച്ച അനുഭവപ്പെടുന്ന തോട്ടങ്ങളിൽ നന തുടങ്ങാം. ആദ്യനനയ്ക്ക് കൂടുതൽ ജലം നൽകണം. കാർഷിക പാരിസ്ഥിതിക മേഖലയനുസരിച്ചും മണ്ണിന്റെ തരമനുസരിച്ചും തെങ്ങിനാവശ്യമായ ജലത്തിന്റെ അളവിൽ വ്യത്യാസമുണ്ട്. പൊതുവെ മൂന്ന്നാല് ദിവസത്തിലൊരിക്കൽ ഒരു തെങ്ങിന് 350 മുതൽ 600 ലിറ്റർവരെ വെള്ളം നൽകാം. ചെറുപ്രായമുള്ള തൈകൾക്ക് ഉപ്പുവെള്ളം നൽകുന്നത് ദോഷംചെയ്യും. ജലസേചനം ആരംഭിച്ചാൽ ചിട്ടയായും സ്ഥിരമായും അത് തുടരണം.

**വളപ്രയോഗം**

ജലസേചനമുള്ള തോട്ടങ്ങളിൽ മൂന്നാംഗഡു രാസവളം ഇപ്പോൾ നൽകാം. പ്രായപൂർത്തിയെത്തിയ തെങ്ങിന് ഈമാസം 250 ഗ്രാം നൈട്രജൻ, 125 ഗ്രാം ഫോസ്ഫറസ്, 500 ഗ്രാം പൊട്ടാഷ് എന്നിവ ലഭ്യമാക്കണം. ഒരുവർഷം പ്രായമെത്തിയ തൈകൾക്ക് ഈയളവിന്റെ മൂന്നിലൊന്നും രണ്ടുവർഷം പ്രായമായ തൈകൾക്ക് മൂന്നിൽ രണ്ടു ഭാഗവും മൂന്നാംവർഷംമുതൽ പൂർണ അളവിലും നൽകാം.

തെങ്ങിൽനിന്നും ഒരുമീറ്റർ അകലത്തിലധികം ആഴത്തിലല്ലാതെ ചെറുചാലെടുത്ത് അതിൽ വളംചേർത്ത് ചാലുകൾ മൂടാം.

**തണൽ**

പുതുതായി നട്ട തൈകൾക്ക് തണൽ നൽകണം. ശക്തമായ തെക്കൻ വെയിലേൽക്കാതിരിക്കാത്ത വിധത്തിൽ തണൽ ക്രമീകരിക്കണം.

## കാർഷികയന്ത്രങ്ങൾ വാങ്ങാം, പകുതി വിലയ്ക്ക്

ഭാരതസർക്കാർ കൃഷിമന്ത്രാലയവും കേരള കാർഷിക വികസന കർഷകക്ഷേമ വകുപ്പും ചേർന്ന് യന്ത്രങ്ങൾ വാങ്ങുന്നതിന് കർഷകർക്ക് സാമ്പത്തികസഹായം നൽകുന്നു. കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ സ്ഥാപിക്കാനും സഹായം ലഭിക്കും.കാടുവെട്ട് യന്ത്രം, പവർ ടില്ലർ, നടീൽയന്ത്രം, ട്രാക്ടർ, സസ്യസംരക്ഷണ ഉപകരണങ്ങൾ, കൊയ്ത്തുമെതിയന്ത്രം തുടങ്ങിയവ വാങ്ങുന്നതിന് 40 മുതൽ 50 ശതമാനംവരെയും ഉത്പന്ന സംസ്കരണത്തിനും മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമാണത്തിനുമുള്ള യന്ത്രങ്ങൾക്ക് 60 ശതമാനംവരെയും സാമ്പത്തികാനുകൂല്യം ലഭിക്കും.

കൃഷി യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന 40 ശതമാനം, ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിന് 80 ശതമാനം എന്നിങ്ങനെയാണ് ആനുകൂല്യം. കാർഷിക യന്ത്രവത്കരണ ഉപ പദ്ധതി പ്രകാരമാണിത്.വെബ്സൈറ്റിൽ യന്ത്രങ്ങൾ തിരഞ്ഞെടുത്ത് വിൽപ്പനക്കാരനെ ബുക്കു ചെയ്താണ് വാങ്ങേണ്ടത്.

https://agrimachinery.nic.in എന്ന വെബ് സൈറ്റിലാണ് കർഷകർ/ ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്യേണ്ടത്. രണ്ടുഘട്ടമായാണ് രജിസ്റ്റർചെയ്യുന്നത്. ആദ്യഘട്ടത്തിൽ രജിസ്റ്റർ ചെയ്യുമ്പോൾ യൂസർ ഐഡി, പാസ്‌വേഡ് എന്നിവ ലഭിക്കും. ഈ യൂസർ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് കർഷകൻ ലോഗിൻ ചെയ്തശേഷം, രേഖകളുടെ സ്കാൻചെയ്ത കോപ്പി 100 സയ യിൽ താഴെയുള്ള ഡോക്യുമെന്റുകളാക്കി അപ്‌ലോഡ് ചെയ്താണ് യന്ത്രങ്ങൾ ബുക്ക് ചെയ്യേണ്ടത്.

# ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ ഡിസംബർ 13 മുതൽ

**തിരുവനന്തപുരം:** ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സിബിഷൻ ഡിസംബർ 13 മുതൽ 15 വരെ കൊച്ചി കാക്കനാട് കിൻഫ്ര ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിൽ നടക്കും. 14ന് വൈകുന്നേരം അഞ്ചിന് മുഖ്യമന്ത്രി പിണറായി വിജയൻ എക്സിബിഷൻ ഉദ്ഘാടനം ചെയ്യും. വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ്, പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി പി.എ.മുഹമ്മദ് റിയാസ് തുടങ്ങിയവർ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുക്കും.




കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസ്സിയേഷൻ (കെ.എസ്.എസ്.ഐ.എ.), മെട്രോ മാർട്ട് എന്നിവയുടെ ആഭിമുഖ്യത്തിൽ കേരള സർക്കാർ വ്യവസായ വകുപ്പ്, കിൻഫ്ര , കെ.എസ്.ഐ.,ഡി.സി., എന്നിവയുടെയും എം.എസ്.എം.ഇ. മന്ത്രാലയം, ഭാരത സർക്കാരിന്റെയും സഹകരണത്തോടെയാണ് മൂന്നു ദിവസം നീളുന്ന വ്യാവസായിക മേള സംഘടിപ്പിക്കുന്നത്. കെ.എസ്.എസ്.ഐ.എ.യുടെ ഇരുപതോളം അഫിലിയേറ്റഡ് സംഘടനകളും എക്സ്പോയുമായി സഹകരിക്കും. രാജ്യത്തിനകത്തും പുറത്തുനിന്നുമുള്ള മുന്നൂറോളം പ്രമുഖരായ മെഷിനറി നിർമ്മാതാക്കൾ തങ്ങളുടെ ഉൽപന്നങ്ങൾ മേളയിൽ പ്രദർശിപ്പിക്കും. കേരളം, കർണാടകം, തമിഴ്നാട്, മഹാരാഷ്ട്ര, ഗുജറാത്ത്, ഹരിയാന, ഉത്തർ പ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള മെഷിൻ നിർമ്മാതാക്കളും ചൈന, യു.കെ., യുണൈറ്റഡ് അറബ് എമിറേറ്റ്സ്, ജർമ്മനി, കൊറിയ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള മെഷിൻ നിർമ്മാതാക്കളുടെ പ്രതിനിധികളും മേളയിൽ അണിനിരക്കും.

വിവിധ വിഷയങ്ങളെ ആസ്പദമാക്കിയുള്ള സെമിനാറുകൾ, പ്രസന്റേഷനുകൾ, പുതിയ ഉൽപന്നങ്ങളുടെ ഉദ്ഘാടനം , സംവാദങ്ങൾ തുടങ്ങിയവ മേളയുടെ ഭാഗമായി സംഘടിപ്പിക്കും. ബയർ സെല്ലർ മീറ്റിംഗുകൾ, വെന്റർ ഡെവലപ്പ്മെന്റ് പ്രോഗ്രാമുകൾ തുടങ്ങിയവും വിവിധ ദിവസങ്ങളിലായി സംഘടിപ്പിക്കും.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ വ്യാവസായിക വളർച്ചയ്ക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച് പ്രത്യേക ചർച്ച സംഘടിപ്പിക്കും. പുതിയ വ്യവസായങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ മെഷിനറി നിർമ്മാതാക്കളുമായി ബന്ധപ്പെടുത്തും. സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന വ്യക്തികളെയും, ബിസിനസ്സ് വിപുലീകരണത്തിന് ലോണുകൾ ആവശ്യമുള്ള സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി വിവിധ ബാങ്കുകളുടെ ഹെൽപ്പ് ഡെസ്കുകൾ എക്സിബിഷനിൽ സജ്ജീകരിക്കും. എം.എസ്.എം.ഇ. വിഭാഗത്തിൽപ്പെടുന്ന സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കേന്ദ്ര എം.എസ്.എം.ഇ. മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ പ്രത്യേക സ്റ്റാളുകൾ സജ്ജീകരിക്കും. കൊച്ചിൻ ഷിപ്പ്യാർഡ്, കെബിപ് എന്നിവ പ്രത്യേക പവലിയനുകൾ സജ്ജീകരിക്കും.

വ്യവസായ മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന പ്രമുഖ കമ്പനികളിൽ മിക്കവയും ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സിബിഷനിൽ പങ്കെടുക്കുന്നത് കേരളത്തിന്റെ വ്യാവസായിക വളർച്ചയെ ത്വരിതപ്പെടുത്തുമെന്നു കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ പറഞ്ഞു. സംരംഭകർക്ക് സാങ്കേതിക പരിജ്ഞാനം നൽകുന്നതിലൂടെ ഉൽപ്പാദനക്ഷമത കൂട്ടാനും കമ്പനികളുടെ സാമ്പത്തിക ഭദ്രത ഉറപ്പിക്കാനും കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പതിനായിരത്തിലധികം ട്രേഡ് സന്ദർശകർ മേള സന്ദർശിക്കുമെന്ന് ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സിബിഷൻ സംഘാടക സമിതി ചെയർമാൻ കെ.പി.രാമചന്ദ്രൻ നായർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. തദ്ദേശീയരായ വ്യവസായികളെ ആഗോള വ്യാപാര ശൃംഖലയുമായി ബന്ധിപ്പിക്കുവാൻ വിവിധ പരിപാടികൾ മേളയിൽ ആസൂത്രണം ചെയ്യും.

ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കി പരമാവധി പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളാവും എക്സിബിഷനിൽ ഉപയോഗിക്കുകയെന്നും കെ.പി രാമചന്ദ്രൻ നായർ പറഞ്ഞു.

വിവിധതരം റോബോട്ടുകൾ, സെൻസറുകൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അനുബന്ധ മെഷിനറികൾ, കൺസ്ട്രക്ഷൻ, ഓട്ടോമൊബൈൽ, മാനുഫാക്ചറിംഗ്, ഹോസ്പിറ്റാലിറ്റി, കാർഷിക മേഖലകളിൽ ഉപയോഗപ്പെടുത്താവുന്ന അത്യന്താധുനിക മെഷിനിറികൾ തുടങ്ങിയവയുടെ പ്രദർശനം കേരളത്തിലെ വ്യവസായ ലോകത്തിന് സഹായകരമാകുമെന്നു ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ സി.ഇ.ഒ. സിജി നായർ പറഞ്ഞു.

സമാപന സമ്മേളനത്തിൽ ധനകാര്യ മന്ത്രി കെ. എൻ ബാലഗോപാൽ, റവന്യൂ മന്ത്രി കെ. രാജൻ തുടങ്ങിയവർ പങ്കെടുക്കും. മേളയിലേക്കുള്ള പ്രവേശനം സൗജന്യമാണ്.

രാവിലെ 10 മുതൽ വൈകിട്ട് 6 വരെയായിരിക്കും പ്രവേശനം. സന്ദർശകരിൽ നിന്നും നറുക്കെടുത്തു ഒരു ഭാഗ്യശാലിക്ക് ചൈനയിൽ നടക്കുന്ന കാന്റോൻ എക്സിബിഷനിൽ പങ്കെടുക്കുന്നതിനുള്ള വിമാന യാത്രാ ടിക്കറ്റ് സൗജന്യമായി നൽകും.കൂടാതെ ആകർഷകമായ നിരവധി സമ്മാനങ്ങളും മേള സന്ദർശിക്കുന്നവർക്ക് നൽകുന്നുണ്ട്. കൊച്ചി കളമശ്ശേരി മെട്രോ സ്റ്റേഷന് മുന്നിൽ നിന്നും എക്സിബിഷൻ സെന്ററിലേക്ക് മൂന്നു ദിവസങ്ങളിലും വാഹന സൗകര്യം ഉണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് www.iiie.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. മൊബൈൽ 9947733339/ 9995139933. കെ എസ് എസ് ഐ എ സംസ്ഥാന വൈസ് പ്രസിഡന്റ്മാരായ ഫസലുദീൻ, സുനിൽനാഥ്, കെ എസ് എസ് ഐ എ ന്യൂസ് എഡിറ്റർ സലിം, എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# നേത്ര പരിചരണരംഗത്ത് പുതിയ കാൽവെയ്പ്; ചൈതന്യ ഐ ഇൻസ്റ്റിറ്റ്യൂട്ടിൽ 'എലീറ്റ സിൽക്ക്' റിഫ്രാക്ടീവ് സർജറി

**കൊച്ചി** : നേത്രപരിചരണ രംഗത്ത് വിപ്ലവകരമായി മാറുന്ന ആധുനിക സാങ്കേതിക വിദ്യയായ 'എലീറ്റ സിൽക്ക്' റിഫ്രാക്ടീവ് ശസ്ത്രക്രിയയ്ക്ക് കേരളത്തിൽ ആദ്യമായി തുടക്കം കുറിച്ച് എറണാകുളം പാലാരിവട്ടം ചൈതന്യ ഐ ഹോസ്പിറ്റൽ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. ആശുപത്രിയിൽ നടന്ന ചടങ്ങിൽ ചൈതന്യ ഐ ഹോസ്പിറ്റൽ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മെഡിക്കൽ ഡയറക്ടർ ഡോ. ആർ. ഉണ്ണികൃഷ്ണൻ നായർ ആധുനിക സംവിധാനത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

ഡയറക്ടർ ഡോ.അനിൽ കൃഷ്ണൻ നായർ, ഡോ.ചെറിയാൻ ഷെയ്ൻ മാത്യു, ഡോ.കല ബേബി തോട്ടം, ഡോ. മാത്യു കുര്യൻ, ഡോ. പ്രിയ നായർ, ഡോ.സച്ചിൻ മാത്യു ജോർജ്ജ്, ചലച്ചിത്രതാരങ്ങളായ കലാഭവൻ പ്രജോദ്, മിഥുൻ നളിനി തുടങ്ങിയവർ പങ്കെടുത്തു. മിനിമലി ഇൻവേസീവ് ഫ്ളാപ്പ്ലെസ് ലേസർ വിഷൻ കറക്ഷൻ എന്നതാണ് സിൽക് ടെക്നോളജിയുടെ പ്രത്യേകതയെന്ന് മെഡിക്കൽ ഡയറക്ടർ ഡോ. ആർ.ഉണ്ണികൃഷ്ണൻ നായർ പറഞ്ഞു. നിലവിലുള്ള ലാസിക് സർജറികളെ അപേക്ഷിച്ച് കണ്ണട, കോൺടാക്ട് ലെൻസ് എന്നിവ ഉപയോഗിക്കുന്നവർക്ക് വളരെ വേഗത്തിൽ തന്നെ അതിൽ നിന്നുള്ള മോചനം നേടാൻ സാധിക്കുന്നുവെന്നതാണ് 'എലീറ്റ സിൽക്ക്' റിഫ്രാക്ടീവ് പ്രൊസീജിയറിന്റെ പ്രത്യേകത. മറ്റുള്ള റിഫ്രാക്ടീവ് ശസ്ത്രക്രിയകളുമായി താരതമ്യം ചെയ്യുമ്പോൾ സിൽക്ക് ടെക്നോളജി വളരെ ചെറിയ നടപടിക്രമം മാത്രമാണ്. കൂടാതെ വേദന രഹിതവും വളരെ പെട്ടന്ന് തന്നെ സാധാരണ ജീവിതത്തിലേക്ക് കണ്ണടരഹിതമായി മടങ്ങാനും സാധിക്കും. യുവതലമുറയ്ക്ക് ഇത് ഏറെ ഉപകാരപ്രദമായിരിക്കുമെന്ന് ഡോ.ആർ. ഉണ്ണികൃഷ്ണൻ നായർ പറഞ്ഞു.



**പാലാരിവട്ടം ചൈതന്യ ഐ ഹോസ്പിറ്റൽ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിക്കുന്ന 'എലീറ്റ സിൽക്ക്' റിഫ്രാക്ടീവ് ശസ്ത്രക്രിയ സംവിധാനം മെഡിക്കൽ ഡയറക്ടർ ഡോ.ആർ. ഉണ്ണികൃഷ്ണൻ നായർ ഉദ്ഘാടനം ചെയ്യുന്നു. ഡോ.കല ബേബി തോട്ടം, ഡോ.അനിൽ കൃഷ്ണൻ നായർ, ഡോ.മാത്യു കുര്യൻ, ഡോ. പ്രിയ നായർ, ഡോ. ചെറിയാൻ ഷെയൻ മാത്യു, ഡോ.സച്ചിൻ മാത്യു ജോർജ്ജ് എന്നിവർ സമീപം**

# 'പ്രഗതി'സവിശേഷ സംയോജനമെന്ന് അന്താരാഷ്ട്ര പഠനം

**ന്യൂഡൽഹി:** രാജ്യത്തിന്റെ വികസനത്തിനു നിർണായകമാകുന്ന ഗവണ്മെന്റ് പദ്ധതികളുടെ തത്സമയ നിരീക്ഷണം സാധ്യമാക്കുന്ന സംയോജിത പ്ലാറ്റ്ഫോമായി പ്രവർത്തിക്കുന്ന 'പ്രഗതി' (പ്രോആക്റ്റീവ് ഗവേണൻസ് ആൻഡ് ടൈം ഇംപ്ലിമെന്റേഷൻ) പ്ലാറ്റ്ഫോം, സാങ്കേതികവിദ്യയുടെയും ഭരണനിർവഹണത്തിന്റെയും അത്ഭുതകരമായ സംയോജനമാണെന്ന് അന്താരാഷ്ട്ര പഠനം. ഓക്സ്ഫഡ് സർവകലാശാലയിലെ സെയ്ദ് ബിസിനസ് സ്കൂളും ഗേറ്റ്സ് ഫൗണ്ടേഷനും പ്രസിദ്ധീകരിച്ച 'സ്തംഭനത്തിൽനിന്നു വളർച്ചയിലേക്ക്: നേതൃത്വം എങ്ങനെ ഇന്ത്യയുടെ പ്രഗതി ആവാസവ്യവസ്ഥയെ മുന്നോട്ടുനയിക്കുന്നു' എന്ന ശീർഷകത്തിലുള്ള പഠനമാണ് 'പ്രഗതി' സംരംഭത്തിന്റെ ശ്രദ്ധേയ വിജയം അനാവരണം ചെയ്യുന്നത്. കൃത്യമായ ലക്ഷ്യത്തോടും പുരോഗതിയോടും ഇന്ത്യയുടെ വികസനം നയിക്കുന്ന പ്രഗതി, അടിസ്ഥാന സൗകര്യ വികസനത്തിൽ മാറ്റം വരുത്തി, സമാനമായ വെല്ലുവിളികൾ നേരിടുന്ന മറ്റു രാജ്യങ്ങൾക്ക് മാതൃകയാകുന്നുവെന്നും പഠനം ചൂണ്ടിക്കാട്ടുന്നു.

കുറഞ്ഞ ഗവണ്മെന്റ് ഇടപെടൽ, പരമാവധി ഭരണനിർവഹണം' എന്ന സമീപനത്തോടെ 2015 മാർച്ച് 25നാണു പ്രഗതി സമാരംഭിച്ചത്. പൗരന്മാരുടെ പരാതികൾ പരിഹരിക്കുകയും ഉത്തരവാദിത്വം ഉറപ്പാക്കുകയും ചെയ്യുന്നതിനിടയിൽ ഇന്ത്യയുടെ വളർച്ച വേഗത്തിൽ നിരീക്ഷിക്കുന്നതിനുള്ള സഹകരണം, സുതാര്യത, സാങ്കേതികവിദ്യ എന്നിവയ്ക്ക് പരിപാടി ഊന്നൽ നൽകുന്നു. കാലതാമസം, അധികച്ചെലവ്, നടപ്പാക്കുന്നതിലെ തടസ്സങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾ അഭിസംബോധന ചെയ്ത്, പ്രധാന പദ്ധതികളുടെ പതിവ് അവലോകനം പ്ലാറ്റ് ഫോം സുഗമമാക്കുന്നു.

ഒമ്പതുവർഷംമുമ്പ് ആരംഭിച്ചതുമുതൽ 2023 ജൂൺ വരെ 17.05 ല




ക്ഷം കോടി രൂപ മൂല്യമുള്ള, മുടങ്ങിക്കിടന്ന 340 പദ്ധതികൾ പ്രഗതി അവലോകനം ചെയ്തു. മൂന്നു മുതൽ 20 വർഷംവരെ എന്ന നിലയിൽ കുടുങ്ങിക്കിടന്ന അത്തരം പദ്ധതികളുടെ കാര്യത്തിൽ, ഈ പ്ലാറ്റ്ഫോമിന്റെ ഘടനാപരമായ പ്രതിമാസ അവലോകനങ്ങളും ഡിജിറ്റൽ സങ്കേതങ്ങളും, സമയപരിധി ദശകങ്ങളിൽനിന്ന് വെറും മാസങ്ങളിലേക്ക് വെട്ടിക്കുറച്ചു.

ഒരു പതിറ്റാണ്ടിലേറെ കാലതാമസത്തിനുശേഷം 3 വർഷത്തിനുള്ളിൽ പൂർത്തിയാക്കിയ ബോഗിബീൽ പാലം, വർഷങ്ങളായുള്ള സ്തംഭനാവസ്ഥയെ അതിജീവിച്ച് 2025ഓടെ പൂർത്തീകരണത്തിലേക്കു നീങ്ങുന്ന ജമ്മുബാരാമൂല റെയിൽ ലിങ്ക്, പതിനഞ്ചിലധികം വർഷത്തെ ഭൂമി ഏറ്റെടുക്കൽ തടസ്സങ്ങൾ പരിഹരിച്ച് 2024 ഡിസംബറോടെ സമാരംഭിക്കുന്ന നവി മുംബൈ വിമാനത്താവളം തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ്. കർണാടകയിലെ ബെംഗളൂരുവിൽ മെട്രോ റെയിൽ, ഒഡിഷയിലെ ഹരിദാസ്പൂർപാരാദീപ് റെയിൽ പാത, മഹാരാഷ്ട്രഗുജറാത്ത് ദേശീയ പാത എട്ടിലെ ദഹിസർസൂറത്ത് ഭാഗം, ഉത്തർപ്രദേശ്ബിഹാർ ദേശീയ പാത രണ്ടിലെ വാരാണസിഔറംഗബാദ് ഭാഗം തുടങ്ങിയവയ്ക്കു കാലതാമസം വരാൻ ഇടയാക്കിയ നിരവധി പ്രതിസന്ധികൾ പരിഹരിച്ച്, നടപ്പാക്കുന്നതിലേക്കോ പൂർത്തീകരണത്തിലേക്കോ നയിക്കാൻ പ്രഗതിക്കായി. ജൽ ജീവൻ മിഷന്റെ കാര്യത്തിൽ ഗാർഹിക ജലലഭ്യത 2019ൽ 17% ആയിരുന്നത് 2024ഓടെ 79% ആക്കി വർധിപ്പിക്കാനായി. ഈ പദ്ധതികളിൽ ഓരോന്നിലും 25ലധികം പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കാൻ പ്രഗതിക്കു കഴിഞ്ഞുവെന്നും പഠനം വ്യക്തമാക്കുന്നു.

പ്രധാനമന്ത്രി നരേന്ദ്ര മോദി നേരിട്ട് പ്രഗതി യോഗങ്ങൾക്കു നേതൃത്വം നൽകുന്നത്, ഇതിനെ ഏറെ മുൻഗണനയുള്ള സംരംഭമാക്കി മാറ്റുന്നു. നയങ്ങളുടെയും സ്കീമുകളുടെയും നിർവഹണം നേരിട്ട് അവലോകനം ചെയ്യുന്നതിലൂടെ, ഫലപ്രദമായ ഭരണനിർവഹണത്തിനുള്ള ദിശ നിർണയിക്കാൻ പ്രധാനമന്ത്രി സഹായിക്കുന്നു. സംസ്ഥാനകേന്ദ്ര ഉദ്യോഗസ്ഥരുമായി അദ്ദേഹം സംവദിക്കുന്നത് വേഗത്തിൽ തിരുത്തലുകൾ വരുത്തുന്നതിനും അനുവദിക്കുന്നു. പദ്ധതികൾ ദ്രുതഗതിയിൽ പൂർത്തിയാക്കാനും ഉത്തരവാദിത്വം വർധിപ്പിക്കാനും പ്രധാനമന്ത്രിയുടെ നേരിട്ടുള്ള ഇടപെടൽ കാരണമാകുന്നു. പ്രഗതിയിലൂടെ, സുതാര്യതയ്ക്കുള്ള ഗവണ്മെന്റിന്റെ പ്രതിബദ്ധത പ്രധാനമന്ത്രി ശക്തിപ്പെടുത്തിയെന്നും പഠനം പറയുന്നു.

അടിസ്ഥാനസൗകര്യ വികസനത്തിനപ്പുറത്തേക്കു മുന്നേറുന്ന പ്രഗതി, സാമൂഹിക ഉന്നമനം നടത്തുകയും സുസ്ഥിരമായ നവീകരണത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഇത് രാജ്യത്തുടനീളമുള്ള എല്ലാ പങ്കാളികൾക്കും പ്രയോജനപ്പെടുന്നു. ഉദ്യോഗസ്ഥവൃന്ദത്തിൽ വിപ്ലവം സൃഷ്ടിച്ച്, കാലതാമസത്തിന്റെയും കാര്യക്ഷമതയില്ലായ്മയുടെയും സംവിധാനത്തിൽ നിന്ന് സുതാര്യത, തത്സമയ ആശയവിനിമയം, ദ്രുതഗതിയിലുള്ള നിർവഹണം എന്നിവയിലേക്കുള്ള മാറ്റത്തിന് പ്രഗതി കാരണമായി. രാഷ്ട്രീയ വ്യത്യാസങ്ങളെ അതിജീവിച്ച് കേന്ദ്രസംസ്ഥാന ഗവണ്മെന്റുകൾ പൊതുലക്ഷ്യങ്ങൾക്കായി ഒരുമിച്ച് പ്രവർത്തിക്കുന്ന സഹകരണ ഫെഡറലിസത്തിന്റെ കരുത്തുറ്റ ഉദാഹരണമായി പ്രഗതി മാറുന്നുവെന്നും ഓക്സ്ഫഡ് എസ്ബിഎസ് ഗേറ്റ്സ് ഫൗണ്ടേഷൻ പഠനം വ്യക്തമാക്കുന്നു.

# റെസിഡൻഷ്യൽ ഫിലിം സ്കൂളുമായി അഹല്യ ഇന്റർനാഷണൽ ഫൗണ്ടേഷൻ

**കൊച്ചി:** ചലച്ചിത്ര രംഗത്തെ നൂതന സാങ്കേതികവിദ്യകൾ അന്തർദേശീയ നിലവാരത്തിൽ പഠിക്കാനും പരിശീലിക്കാനും അവസരമൊരുക്കി അഹല്യ റെസിഡൻഷ്യൽ ഫിലിം സ്കൂൾ പാലക്കാട് പ്രവർത്തനമാരംഭിക്കുന്നു. ആരോഗ്യ, വിദ്യാഭ്യാസ മേഖലയിലെ ശ്രദ്ധേയരായ അഹല്യ ഗ്രൂപ്പിന്റെ പുതിയ സംരംഭമാണ് അഹല്യ സ്കൂൾ ഓഫ് മീഡിയ സ്റ്റഡീസ് ആൻഡ് ഫ്യൂച്ചർ ടെക്നോളജീസ്.പാലക്കാട് കോയമ്പത്തൂർ ഹൈവേയോട് ചേർന്നുള്ള വിശാലമായ ഹരിത ക്യാംപസിലാണ് സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നത്.രാജ്യത്തെ പ്രമുഖ സ്കിൽ യൂണിവേഴ്സിറ്റിയായ മേധാവി സ്കിൽസ് യൂണിവേഴ്സിറ്റിയുമായി ചേർന്നാണ് ഇന്റർനെയ്ൻമെന്റ് ടെക്നോളജിയിൽ നൂതനമായ 4 വർഷ ബിവിഎ പ്രോഗ്രാമുകൾ നടത്തുന്നത്. വരുന്ന ജനുവരിയിൽ ആരംഭിക്കുന്ന ബിരുദ പ്രോഗ്രാമുകളിലേക്കും ഒരു വർഷ ഡിപ്ലോമ പ്രോഗ്രാമുകളിലേക്കും ഉടൻ അഡ്മിഷൻ ആരംഭിക്കും. ഇവയ്ക്ക് പുറമെ അഭിനയത്തിലും തിരക്കഥയെഴുത്തിലും ഒരു വർഷ മുഴുവൻ സമയ ഡിപ്ലോമ പ്രോഗ്രാമുകളും ഒരു വർഷ വാരാന്ത്യ പ്രോഗ്രാമുകളും അഹല്യ റസിഡൻഷ്യൽ ഫിലിം സ്കൂൾ ആരംഭിക്കുന്നുണ്ട്. ചലച്ചിത്ര നാടക രംഗത്ത വ്യക്തിമുദ്ര പതിപ്പിച്ച ടി എൻ കുമാരദാസ്, അഭിജ, ശിവകല എന്നിവർ ചേർന്ന് നയിക്കുന്ന സിനിമ അഭിനയ ഡിപ്ലോമയിലേക്കും തിരക്കഥാകൃത്തുക്കളും സംവിധായകരുമായ അഭിലാഷ് വിജയനും റോബിൻ ജോയിയും നയിക്കുന്ന തിരക്കഥാകൃത്ത് ഡിപ്ലോമയിലേക്കും അഡ്മിഷൻ തുടരുന്നു. പ്രശസ്ത മിക്സിംഗ് എഞ്ചിനീയർ വിനോദ് ശിവറാം നയിക്കുന്ന ടീമാണ് വിവിധ വകുപ്പുകൾക്ക് നേതൃത്വം നൽകുന്നത്. സംവിധായകൻ സഞ്ജു സുരേന്ദ്രൻ ഇൻഡസ്ട്രി മെന്ററായി പ്രവർത്തിക്കുന്നു.ആദ്യ ബാച്ച് വിദ്യാർഥികളെ സ്വാഗതം ചെയ്യാൻ അഹല്യ സ്കൂൾ ഓഫ് മീഡിയ സ്റ്റഡീസ് ആൻഡ് ഫ്യൂച്ചർ ടെക്നോളജീസ് സജ്ജമായി കഴിഞ്ഞെന്ന് അഹല്യ ഗ്രൂപ്പ് സ്ഥാപകനും ചെയർമാനുമായ വി എസ് ഗോപാൽ, അക്കാദമിക്സ് വൈസ് പ്രസിഡന്റ് ഇ പി ബി രജിതൻ എന്നിവർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. അഹല്യ മീഡിയ പാർക്ക് എന്ന വലിയ സ്വപ്നത്തിലേക്കുള്ള ആദ്യ ചുവട് വെയ്പ്പാണിതെന്ന് വി എസ് ഗോപാൽ പറഞ്ഞു.

## റിട്ടയർമെന്റ് തയ്യാറെടുപ്പിൽ ദക്ഷിണേന്ത്യ ഏറെ പിന്നിലെന്ന് പഠനം

**കൊച്ചി:** റിട്ടയർമെന്റ് പ്ലാനിങ്ങിൽ ദക്ഷിണേന്ത്യയിലെ ജനങ്ങൾ പിന്നിലാണെന്ന് പഠനം. മാക്സ് ലൈഫ് ഇൻഷുറൻസിന്റെ ഇന്ത്യ റിട്ടയർമെന്റ് ഇൻഡക്സ് പഠന പ്രകാരം ദക്ഷിണേന്ത്യയിലെ റിട്ടയർമെന്റ് തയാറെടുപ്പ് സ്കോർ ഇക്കൊല്ലവും 48ൽ തന്നെ മാറ്റമില്ലാതെ തുടരുകയാണ്. ഉത്തരേന്ത്യയും ദക്ഷിണേന്ത്യയും തമ്മിൽ സ്കോറിൽ കാര്യമായ മാറ്റമില്ലെങ്കിലും ഇന്ത്യയുടെ കിഴക്കൻ (സ്കോർ 54), പടിഞ്ഞാറൻ (49) ഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ദക്ഷിണേന്ത്യ പിന്നിലാണ്. കാന്താർ ഗ്രൂപ്പുമായി ചേർന്നാണ് പഠനം നടത്തിയത്.വിരമിക്കലിന് വേണ്ടി ഒരു വ്യക്തി സാമ്പത്തികമായും ശാരീരികമായും വൈകാരികമായും നടത്തുന്ന തയ്യാറെടുപ്പുകളാണ് പഠനത്തിന്റെ മാനദണ്ഡം. സാമ്പത്തിക തയാറെടുപ്പിന്റെ കാര്യത്തിൽ 49, ആരോഗ്യകാര്യത്തിൽ 45, വൈകാരികമായ തയ്യാറെടുപ്പിൽ 60 എന്നിങ്ങനെയാണ് ദക്ഷിണേന്ത്യൻ മേഖലയുടെ സ്കോർ. സാമ്പത്തികവും ആരോഗ്യസംബന്ധവുമായ രംഗങ്ങളിൽ ഇനിയുമേറെ മെച്ചപ്പെടാനുണ്ടെന്ന് സൂചിക വ്യക്തമാക്കുന്നു. ഈ മേഖലയിൽ 42% ആളുകളും വിരമിക്കലിന് വേണ്ടി സമ്പാദ്യമൊന്നും മാറ്റിവെച്ചിട്ടില്ലെന്ന് കണ്ടെത്തി. ചികിത്സാചിലവുകളും (81%) പണപ്പെരുപ്പവുമാണ് (80%) മിക്ക ആളുകളും പ്രധാനവെല്ലുവിളിയായി കണക്കാക്കുന്നത്. സർവേയിൽ പങ്കെടുത്ത 62% പേരും ലൈഫ് ഇൻഷുറൻസാണ് വിരമിക്കലിന് വേണ്ടിയുള്ള ഏറ്റവും മികച്ച നിക്ഷേപ മാർഗമെന്ന് അഭിപ്രായപ്പെട്ടു.ജനങ്ങൾക്കിടയിൽ ഇത്തരം പദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവില്ലാത്തത് കൊണ്ടാണ് നിക്ഷേപകരുടെ എണ്ണം കുറയാൻ കാരണമെന്ന് മാക്സ് ലൈഫ് ഇൻഷുറൻസിന്റെ ചീഫ് മാർക്കറ്റിംഗ് ഓഫിസർ രാഹുൽ തൽവാർ പറഞ്ഞു.



## ഗോദ്റെജ് ഡിഇഐ ലാബും ഖെയ്താൻ ആന്റ് കോയും ചേർന്ന് വൈകല്യമുള്ള വ്യക്തികൾക്കായുള്ള ദിനം ആചരിച്ചു

**കൊച്ചി:** ഗോദ്റെജ് ഗ്രൂപ്പിന്റെ ഡൈവേഴ്സിറ്റി ആന്റ് ഇൻക്ലൂഷൻ വിഭാഗമായ ഗോദ്റെജ് ഡിഇഐ ലാബും മുൻനിര നിയമ സ്ഥാപനമായ ഖെയ്താൻ ആന്റ് കോയും ചേർന്ന് വൈകല്യമുള്ള വ്യക്തികൾക്കായുള്ള അന്താരാഷ്ട്ര ദിനം ആചരിച്ചു. വൈകല്യമുള്ള വ്യക്തികളുടെ അവകാശങ്ങൾ സംബന്ധിച്ച ഖെയ്താൻ ആന്റ് കോയുടെ കൈപുസ്തകത്തിന്റെ രണ്ടാം പതിപ്പും ഗോദ്റെജ് ഡിഇഐ ലാബുമായി സഹകരിച്ചു പുറത്തിറക്കി.

വൈകല്യമുള്ളവരെ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് മുംബൈയിൽ നടത്തിയ സമ്മേളനത്തിലാണ് ഇതു പുറത്തിറക്കിയത്. വൈകല്യമുള്ളവരുടെ അവകാശങ്ങൾ സംബന്ധിച്ച ഇന്ത്യൻ നിയമങ്ങൾ വളർന്ന് വന്നതിനെ കുറിച്ച് തൽക്ഷണം മനസിലാക്കാൻ ഈ കൈപുസ്തകം സഹായിക്കും.

ഈ കൈപുസ്തകത്തിൽ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്ട് 2016, മെന്റൽ ഹെൽത്ത് കെയർ ആക്ട് 2017 എന്നീ രണ്ടു നിർണായക നിയമങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വൈകല്യമുള്ള വ്യക്തികളെ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ശക്തമായ നടപടികൾ മുന്നോട്ടു വെക്കുന്ന പാനൽ ചർച്ചയും ഈ സമ്മേളനത്തോട് അനുബന്ധിച്ചു നടത്തി.

## കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗസിൽ അവാർഡ് കയർ കോർപ്പറേഷന്

**ആലപ്പുഴ:** സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളിലെ മീഡിയം ഇൻഡസ്ട്രി വിഭാഗത്തിൽ ഏറ്റവും മികച്ച രണ്ടാമത്തെ പ്രൊഡക്ടിവിറ്റി പെർഫോർമൻസിനുള്ള എംകെകെ നായർ പ്രൊഡക്ടിവിറ്റി അവാർഡ്2024 കയർ കോർപ്പറേഷന് ലഭിച്ചു.

സംസ്ഥാനത്തെ വിവിധ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും കേരള സ്റ്റേറ്റ് പ്രൊഡക്ടിവിടി കൗൺസിൽ ചുമതലപ്പെടുത്തിയ വിദഗ്ധ സമിതിയാണ് കയർ കോർപ്പറേഷനെ അവാർഡിനായി തെരഞ്ഞെടുത്തത്. 2024 ഡിസംബർ 7ന് ശനിയാഴ്ച കളമശ്ശേരിയിലെ പ്രൊഡക്ടിവിറ്റി കൗൺസിൽ ആസ്ഥാനത്ത് വച്ച് സംഘടിപ്പിക്കുന്ന ചടങ്ങിൽ വ്യവസായ നിയമ കയർ വകുപ്പ് മന്ത്രിയിൽ നിന്നും പുരസ്ക്കാരം ഏറ്റുവാങ്ങും.




# കോട്ടയത്ത് ലുലു ഹൈപ്പർ മാർക്കറ്റ് 14ന് തുറക്കും

**കോട്ടയം:** മധ്യ കേരളത്തിനുള്ള ക്രിസ്മസ് സമ്മാനമായി ലുലു ഗ്രൂപ്പിന്റെ കേരളത്തിലെ പുത്തൻ ഹൈപ്പർമാർക്കറ്റ് കോട്ടയം മണിപ്പുഴയിൽ ഡിസംബർ 14ന് തുറക്കും. 15 മുതലാണ് പൊതുജനങ്ങൾക്ക് പ്രവേശനം. കേരളത്തിൽ കൊച്ചി, തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് എന്നിവയ്ക്ക് ശേഷം ലുലു ഗ്രൂപ്പിന്റെ അഞ്ചാമത്തെ 'ഷോപ്പിങ് മാളാണിത്'. അതേസമയം പാലക്കാട്, കോഴിക്കോട് എന്നിവയ്ക്ക് സമാനമായി ലുലു ഹൈപ്പർമാർക്കറ്റ്, ലുലു ഫാഷൻ സ്റ്റോർ, ലുലു കണക്റ്റ് എന്നിവയ്ക്ക് ഊന്നൽ നൽകുന്ന 'മിനി മാൾ' ആയാണ് കോട്ടയത്തും സജ്ജമാക്കിയിട്ടുള്ളത്.

കേരളത്തിൽ പ്രവർത്തനം ആരംഭിക്കുന്ന ലുലു ഗ്രൂപ്പിന്റെ ആറാമത്തെ ഹൈപ്പർമാർക്കറ്റാണിത്. നിലവിൽ കൊച്ചി, തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് ലുലുമാളുകളിൽ ലുലു ഹൈപ്പർമാർക്കറ്റുണ്ട്. പുറമേ കൊച്ചി കുണ്ടന്നൂരിലെ ഫോറം മാളിലും ലുലുവിന് ഹൈപ്പർമാർക്കറ്റുണ്ട്. തൃശൂർ തൃപ്രയാറിൽ ലുലുവിന്റെ വൈമാളും പ്രവർത്തിക്കുന്നു.

ലോകോത്തര ബ്രാൻഡുകളുടെ സാന്നിധ്യവും വിനോദത്തിന്റെയും ഭക്ഷണവൈവിധ്യത്തിന്റെയും ശ്രദ്ധേയ ആകർഷണങ്ങളും കോട്ടയത്തുണ്ടാകും. ബ്യൂട്ടി ആൻഡ് വെൽനസ്, വിനോദം, കഫേ ആൻഡ് റെസ്റ്റോറന്റ്, മെൻസ് ഫാഷൻ, ജ്വല്ലറി തുടങ്ങിയ മേഖലകളിലെ ആഭ്യന്തര, രാജ്യാന്തര ബ്രാൻഡുകൾ അണിനിരക്കും. മക്ഡോണൾസ്, കോസ്റ്റ കോഫീ, കെഎഫ്സി, അമുൽ, ലൂയി ഫിലിപ്പ്, ആരോ, നോർത്ത് എക്സ്പ്രസ്, മമാ എർത്ത്, ദ് പൾപ് ഫാക്ടറി, ബെൽജിയൻ വാഫ്ൾ, ജോക്കി, വൗ മോമോ, അൽ ബെയ്ക്, അന്നഃപൂർണ, സ്വ ഡയമണ്ട്സ് തുടങ്ങിയവ അതിലുൾപ്പെടുന്നു. കുട്ടികളുടെ വിനോദത്തിനായി ഫൺട്യൂറയുമുണ്ടാകും. 500 പേർക്ക് ഒരേസമയം ഇരിക്കാവുന്നതാണ് ഫുഡ് കോർട്ട്. മൾട്ടിലെവൽ പാർക്കിങ് സൗകര്യത്തിൽ ഒരേസമയം 1,000 വാഹനങ്ങൾ പാർക്ക് ചെയ്യാം.

# ഊബറിലൂടെ ശ്രീനഗറിൽ ശിക്കാര ബുക്ക് ചെയ്യാം

**ശ്രീനഗർ:** കാഷ്മീരിലേക്ക് യാത്ര പോകുന്നവരെ ആകർഷിക്കുന്ന ഒന്നാണ് ദാൽ തടാകവും അതിലൂടെ ശിക്കാര വള്ളത്തിലുള്ള സഞ്ചാരവും. ശിക്കാരവള്ളങ്ങളിലുള്ള യാത്രയ്ക്ക് അവിടെയെത്തി ഏജൻറുമാർ മുഖേന യാത്ര ബുക്ക് ചെയ്യുകയാണ് സാധാരണ ചെയ്യുന്നത്. ഇതിന് ഏറെ സമയ നഷ്ടവും വിലപേശലും വേണ്ടിവരും. എന്നാൽ ഇതിനൊന്നും നിൽക്കേണ്ട.

ഓൺലൈൻ ടാക്സി സേവനം നൽകുന്ന ഊബർ പ്ലാറ്റ്ഫോം ജലഗതാഗത രംഗത്തേയ്ക്കും സേവനം വ്യാപിപ്പിച്ചിരിക്കുകയാണ്. ശ്രീനഗറിലെ ദാൽ തടാകത്തിൽ ആപ്പ് ഉപയോഗിച്ച് ശിക്കാര മുൻകൂട്ടി ബുക്ക് ചെയ്യാനുള്ള സേവനമാണ് ഊബർ ആരംഭിച്ചത്. ഏഷ്യയിൽ ആദ്യമായാണ് ഊബർ ജലഗതാഗത സേവനം നൽകുന്നത്.

ഇറ്റലിയിലെ വെനീസ് ഉൾപ്പെടെയുള്ള നഗരങ്ങളിൽ ഊബറും മറ്റും ഇത്തരം ജലഗതാഗത സേവനങ്ങൾ നല്കുന്നുണ്ട്.

ഇന്ത്യയിൽ ഏഴു ശിക്കാരകളാണ് കമ്പനിയുമായി കൈകോർത്തിരിക്കുന്നത്. ഇതിനോടുള്ള ആളുകളുടെ പ്രതികരണം അനുസരിച്ചായിരിക്കും വിപുലീകരണം.

ജമ്മു കഷ്മീരിലെ ശിക്കാര ഓപ്പറേറ്റർമാർക്ക് സാമ്പത്തിക അവസരങ്ങൾ ലഭ്യമാക്കുന്നതിനൊപ്പം ടൂറിസം അനുഭവം മെച്ചപ്പെടുത്താനും ലക്ഷ്യമിടുന്നു.

ഊബർ ഉപയോക്താക്കൾക്ക് സർക്കാർ നിശ്ചയിച്ച നിരക്കിൽ ശിക്കാര ബുക്ക് ചെയ്യാൻ കഴിയും. ഊബർ അതിൻറെ ശിക്കാര പങ്കാളികളിൽ നിന്ന് ഒരു ഫീസും ഈടാക്കുന്നില്ല. മുഴുവൻ തുകയും നടത്തിപ്പുകാർക്കു ലഭികും.

ഓരോ ഊബർ ശിക്കാര റൈഡിനും രാവിലെ 10 മുതൽ വൈകുന്നേരം 5 വരെ 1 മണിക്കൂർ സമയത്തേക്ക് ബുക്ക് ചെയ്യാം, ശിക്കാര ഘട്ട് നമ്പർ 16ൽനിന്ന് 4 യാത്രക്കാരെ വരെ അനുവദിക്കും. ഇതിന് 15 ദിവസം മുമ്പോ കുറഞ്ഞത് 12 മണിക്കൂർ മുമ്പോ ബുക്കിംഗ് നടത്താം.

# സ്പാം എസ്എംഎസുകൾ തിരിച്ചറിയാനുള്ള സംവിധാനം ഒരുക്കി വി

**കൊച്ചി:** നിർമിത ബുദ്ധിയുടേയും മെഷ്യൻ ലേണിങ്ങിൻറേയും പിന്തുണയോടെ സ്പാം എസ്എംഎസുകൾ തിരിച്ചറിഞ്ഞ് ഉപഭോക്താക്കളെ സംരക്ഷിക്കാൻ മുൻനിര ടെലികോം സേവനദാതാക്കളായ വി സംവിധാനമൊരുക്കി. ഇങ്ങനെ കണ്ടെത്തുന്ന എസ്എംഎസുകൾ 'സ്പാം എന്നു സംശയിക്കുന്നു' എന്ന ടാഗുമായാവും ഉപഭോക്താക്കൾക്കു ലഭിക്കുക.

പരീക്ഷണ ഘട്ടം മുതൽ ഇതുവരെ 240 ലക്ഷം സ്പാം മെസേജുകൾ ഈ സംവിധാനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്. അനാവശ്യമായതും അപകടകരമായതുമായ മെസേജുകൾ തൽക്ഷണം കണ്ടെത്താനും കൈകാര്യം ചെയ്യാനും ഇത് വിയുടെ ഉപഭോക്താക്കളെ സഹായിക്കും.

കൂടുതൽ ഉപഭോക്താക്കൾ ഡിജിറ്റൽ ആശയവിനിമയ രംഗത്തേക്ക് എത്തുന്നതോടെ എസ്എംഎസ് അധിഷ്ഠിത സ്പാമുകൾ ഉയർത്താനിടയുള്ള അപകട സാധ്യതകളെ കുറിച്ചു തങ്ങൾ മനസിലാക്കുന്നതായി ഇതേക്കുറിച്ചു സംസാരിക്കവെ വോഡഫോൺ ഐഡിയ ചീഫ് ടെക്നിക്കൽ ഓഫിസർ ജഗ്ബീർ സിങ് പറഞ്ഞു. ഉപഭോക്താക്കൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിലുള്ള തങ്ങളുടെ പ്രതിബദ്ധതയാണ് നിർമിത ബുദ്ധിയിലൂടെ സ്പാം കണ്ടെത്താനുള്ള ഈ നീക്കത്തിലൂടെ ദൃശ്യമാകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% CUSTOMER SATISFACTION GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663